നം.കെ.എസ്.എ.-കെ.ടി.എം.പി15-1229/2019 തീയതി : 19.09.2019

# കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2018 മുതൽ 29.07.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.08.19 ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും പഞ്ചായത്തിന്റെ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീ.സാബു ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">30.07.2019 മുതൽ 09.08.2019 വരെ</td></tr>
<tr><td rowspan="3">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീമതി മായ ആർ.</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി അമ്പിളി എം.</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി കൃഷ്ണപ്രിയ എസ്.</td><td>ഓഡിറ്റർ</td></tr>
</table>

(ബി) നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാത്യൂസ് റ്റി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.എസ്.വിജയൻ | 01.04.2018 മുതൽ 10.04.2018 വരെ |
| | ശ്രീ.ലിബി സി.മാത്യൂസ് | 11.04.2018 മുതൽ 31.03.2019 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സുരേഷ് കുമാർ പി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സുരേന്ദ്രബാബു കെ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ കോര തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ(CDPO) | ശ്രീമതി ലേഖ എസ്. | 01.04.2018 മുതൽ 02.07.2018വരെ |
| | ശ്രീമതി ജാസ്മിൻ കെ. | 03.07.2018 മുതൽ 18.07.2018വരെ |
| | ശ്രീമതി ജിനു മേരി ബഞ്ചമിൻ | 19.07.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി, പാമ്പാടി | ഡോ.മനോജ് കെ.എ., സൂപ്രണ്ട് | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ശ്രീദേവി എം.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഉദയകല പി.എസ്. | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | 01.08.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി ബിജി വിശ്വനാഥൻ | 19.09.2018 മുതൽ 31.03.2019 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് - വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |

| | |
|---|---|
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | ക്യാഷ് ബാലൻസ് പരിശോധന |
| 1-8 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-10 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ |
| 2-2 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുന്ന ചെക്കുകളുടെ നമ്പറുകൾ ബാങ്ക് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു |
| 2-3 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ തീർപ്പാക്കേണ്ടതാണ് |
| 2-4-1 | പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണ്ണയിച്ച് നൽകിയ വാടകയിലും കുറഞ്ഞ തുകയ്ക്ക് കെട്ടിടം വാടകയ്ക്ക് നൽകിയിരിക്കുന്നു |
| 2-4-2 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ നടപടിക്രമങ്ങളിലെ പോരായ്മകൾ |
| 2-5 | പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാത്തതിനാൽ അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ അടയ്ക്കേണ്ടതാണ് |
| 2-6 | സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന തുക പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് |
| 2-7 | ഇ-ടെൻഡർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമായില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വായ്പതുക പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിച്ചു-പലിശയിനത്തിൽ വൻതുക ബാദ്ധ്യത |
| 3-2 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് തുക നൽകി-രജിസ്റ്ററുകൾ ഫോമുകൾ ലഭ്യമായില്ല |
| 3-3 | അകലക്കുന്നം-വൃദ്ധർക്കുള്ള റിക്രിയേഷൻ സെന്റർ ഫർണിച്ചർ വാങ്ങൽ-വിതരണവും സംരക്ഷണവും നിരീക്ഷിക്കേണ്ടതാണ് |
| 3-4 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ-തുടർപ്രവർത്തനം നിരീക്ഷിക്കുന്നില്ല |
| 3-5 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-പ്രവർത്തന സജ്ജമാക്കിയിട്ടില്ല |
| 3-6 | കിടങ്ങൂർ വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ-ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ് |
| 3-7 | പട്ടികവർഗ്ഗ വിഭാഗത്തിന് സൗരറാന്തൽ-വിതരണം പൂർത്തീകരിക്കേണ്ടതാണ് |
| 3-8 | പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 3-9 | ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ-പരിധി പാലിച്ചില്ല |
| 3-10 | കെട്ടിടനിർമ്മാണ പ്രോജക്ടുകളുടെ ആധിക്യം-പ്രയോജനരഹിതമായി ഒട്ടേറെ കെട്ടിടങ്ങൾ |

| | |
|---|---|
| 3-11 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കെട്ടിടനിർമ്മാണം -ചീഫ് എഞ്ചിനീയറുടെ മാതൃക എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയില്ല-നിർമ്മാണത്തിൽ അധികച്ചെലവ് |
| 3-12 | തോട്ടപ്പള്ളി വനിത തൊഴിൽ പരിശീലനകേന്ദ്രം നിർമ്മാണം-ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിർമ്മാണം-ക്രമവിരുദ്ധം |
| 3-13 | ചക്കാംപുഴ ഉമ്പോളി കുടിവെള്ള പദ്ധതി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 3-14 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല |
| 3-15 | കരാർ വെയ്ക്കാൻ കാലതാമസം-പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ ഈടാക്കിയില്ല |
| 3-16 | ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാത്തത് തനതുഫണ്ടിൽ സൂക്ഷിക്കുന്നു |
| 3-17 | മുണ്ടൻകുന്ന് പി.എച്ച്.സി.യിൽ പൊതുസാനിറ്ററി കോംപ്ലക്സ് നിർമ്മാണം-ഇലക്ട്രിഫിക്കേഷൻ നടത്തിയില്ല.-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി |
| 3-18 | പാമ്പാടി താലൂക്ക് ആശുപത്രിയ്ക്ക് ഡയാലിസിസ് യൂണിറ്റ്-മെഷീനുകൾ ലഭ്യമായില്ല |
| 3-19 | സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പരിസരത്തുള്ള അപകട സാദ്ധ്യതയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന്റെ തുടർനടപടികൾ ലഭ്യമായിട്ടില്ല |
| 3-20 | പി.എം.എ.വൈ. പദ്ധതി നിർവ്വഹണത്തിൽ 2018-19 വർഷം തടസ്സം നേരിട്ടു |
| 3-21 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ, നിക്ഷേപ പ്രവൃത്തികൾ-പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളില്ല |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ് വിശകലനം

പാമ്പാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2018 തീയതിയിലെ 1(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 3,60,88,840 | 1,33,10,828 |
| വരവ് | 10,32,86,000 | 5,69,53,950 |
| ആകെ | 13,93,74,840 | 7,02,64,778 |
| ചെലവ് | 11,89,51,000 | 5,96,24,062 |
| നീക്കിയിരിപ്പ് | 2,04,23,840 | 1,06,40,716 |

ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2019 ആണ്. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 15.05.2019-ലെ 1(2)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും 16.5.19ൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാമ്പാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളുടെ പരിശോധന ഓഡിറ്റ് വേളയിൽ പരിശോധിച്ച് വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-10 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

പാമ്പാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,33,10,828 |

| | |
|---|---|
| വരവ് | 5,69,53,950 |
| ആകെ | 7,02,64,778 |
| ചെലവ് | 5,96,24,062 |
| നീക്കിയിരിപ്പ് | 1,06,40,716 |

## 1-5 ഫണ്ട് വിനിയോഗം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 3,98,85,000 | 3,98,85,000 | 3,48,22,882 | 50,62,118 | 87.3 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 79,82,000 | 79,82,000 | 45,86,430 | 33,95,570 | 57.45 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 10,95,000 | 10,95,000 | 5,94,090 | 5,00,910 | 54.25 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 46,47,000 | 46,47,000 | 34,49,567 | 11,97,433 | 74.23 |
| സമ്പൂർണ്ണശുചിത്വം | 2,92,795 | 1,53,300 | 4,46,095 | 12,649 | 4,33,446 | |
| ഹാംലെറ്റ് വിഹിതം | 3,46,419 | 12,284 | 3,58,703 | 0 | 3,58,703 | |
| വിട്ടുകിട്ടിയ സ്ഥാപനവിഹിതം- അലോപ്പതി | 1,00,000 | 0 | 1,00,000 | 0 | 1,00,000 | |
| സംയുക്ത പ്രോജക്ട് (ഗ്രാമം) | 27,93,093 | 9,73,237 | 37,66,330 | 20,85,240 | 16,81,090 | |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക്) | 36,68,950 | 75,669 | 37,44,619 | 12,05,154 | 25,39,465 | |
| സംയുക്ത പ്രോജക്ട് (ജില്ല) | 52,10,331 | 28,70,000 | 80,80,331 | 62,51,039 | 18,29,292 | |
| ട്രഷറി അക്കൗണ്ട്- ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ | 14,85,856 | 1,27,79,740 | 1,42,65,596 | 1,10,91,403 | 31,74,193 | |
| നിർമ്മൽ ഭാരത് അഭിയാൻ (ജാഗ്രതോത്സവം) | 2,06,864 | 59,194 | 2,66,058 | - | 2,66,058 | |

വികസന ഫണ്ട്, റോഡിതര സംരക്ഷണ ഗ്രാന്റ്, എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ്

ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം 40,12,000/- രൂപ ജനറൽ പർപ്പസ് ഫണ്ടായി ലഭിച്ചിട്ടുണ്ട്. തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലൂടെയാണ് പ്രസ്തുത ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

## 1-6 പദ്ധതി അവലോകനം

ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.19ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 02.03.2018 |
| വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 16.01.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 24.02.2018 |
| വികസനസെമിനാർ | 05.03.2018 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2018-19 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 8,06,08,768/- രൂപയും ആകെ ചെലവ് 4,50,81,476/- രൂപയുമാണ്. ചെലവുശതമാനം 55.93%. അംഗീകാരം ലഭിച്ച 129 പ്രോജക്ടുകളിൽ 99 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 1 | 1 | 10,42,930 | 1,10,045 | 11 |
| 2. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3,00,000 | 3,00,000 | 100 |
| 3. | മെഡിക്കൽഓഫീസർ-താലൂക്ക്ഹോസ്പിറ്റൽ, പാമ്പാടി | 4 | 3 | 38,95,250 | 29,49,249 | 76 |
| 7. | സിഡിപിഒ | 1 | 1 | 5,75,000 | 5,75,000 | 100 |
| 8. | സെക്രട്ടറി, ബ്ലോക്ക്പഞ്ചായത്ത് | 58 | 53 | 3,97,41,769 | 2,63,98,179 | 66 |
| 9. | പട്ടികജാതി വികസന ഓഫീസർ | 2 | 1 | 14,00,000 | 10,00,000 | 71 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 36 | 3,28,69,073 | 1,34,90,719 | 41 |
| 11. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 3 | 7,84,746 | 2,58,284 | 33 |
| ആകെ | | 129 | 99 | 8,06,08,768/- | 4,50,81,476/- | 55.93 |

2018-19 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 66% മാത്രമാണ്. കൂടാതെ

റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗം 74% മാത്രമാണ്. വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്/മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ 40% തുക പോലും തൻവർഷം ചെലവഴിക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ 57 പ്രോജക്ടുകളിൽ 36 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 41%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം ലാപ്സായി പോയ സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 50,62,118 |
| എസ് സിപി | 33,95,570 |
| ടി എസ് പി | 5,00,910 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 11,97,433 |
| ആകെ ലാപ്സായ തുക | 1,01,56,031/- |

1.01 കോടിയിലധികം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ബ്ലോക്ക് പഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധപുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു

സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും ചെലവുപത്രികയിൽ ചെലവ് രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി പ്രോജക്ട് നം.132/19 പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ഒരുക്കൽ എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ 2018-19 വർഷം 18,94,247/-രൂപ ചെലവഴിച്ചിരുന്നു. എന്നാൽ സുലേഖയിൽ പ്രസ്തുത പ്രോജക്ടിന് തൻവർഷം തുക ചെലവ് വന്നിട്ടില്ലായെന്ന് കാണുന്നു. തനത് ഫണ്ട് ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിയാണ് നിലവിലുള്ളത്.

വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിങ്ങ് ഗ്രൂപ്പുകളും 16.1.18ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. കൃഷി അനുബന്ധമേഖലകൾ, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം/സംസ്കാരം എന്നീ വിഷയങ്ങളുമായി

ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നത് പോലുമില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

വികസനകാര്യം

2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്ന് വ്യക്തമാകുന്നു. മരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കിയിരുന്ന 21 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ കീഴിലുള്ള പൊതുമരാമത്ത്, കൃഷി, ചെറുകിടവ്യവസായം, മൃഗസംരക്ഷണം എന്നീ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിരീക്ഷിച്ചിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം ആകെ പദ്ധതി ചെലവ് ശതമാനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

ധനകാര്യം

ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ കീഴിലുള്ള കണക്കുകൾ/രേഖകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളും യാതൊരു പ്രവർത്തനങ്ങളുമില്ലാതെ നിർജ്ജീവമായിരുന്നുവെങ്കിലും സ്റ്റാന്റിങ്ങ് കമ്മറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നില്ല.

ആരോഗ്യം/വിദ്യാഭ്യാസം

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നുവെങ്കിലും അതിന്റെ കീഴിലുള്ള വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നില്ലായെന്ന് കാണുന്നു. ആരോഗ്യം, കുടിവെള്ളം/ശുചിത്വം, വിദ്യാഭ്യാസം/സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ സ്റ്റാന്റിങ്ങ് കമ്മറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നില്ലായെന്ന് കാണുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം, ഹരിത കർമ്മസേന സജ്ജമാക്കൽ, തുടങ്ങി അനേകം പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു.

ക്ഷേമകാര്യം

പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് നിരവധി ശുപാർശകൾ നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, ദാരിദ്ര്യലഘൂകരണം, സാമൂഹ്യക്ഷേമം എന്നീ വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേരുകയോ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിരുന്നില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

പാമ്പാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2019 തീയതിയിൽ 03:30 പി.എം.ന് നടത്തുകയുണ്ടായി. പ്രസ്തുത ദിവസം ക്യാഷ് നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-8 ആഭ്യന്തരനിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ രേഖകളൊന്നും 2018-19 ൽ സൂക്ഷിച്ചിട്ടില്ല. ബില്ലുകൾ ബന്ധപ്പെട്ട ഫയലിൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തേണ്ടതാണ്. വൗച്ചറുകളിൽ നം./തീയതി രേഖപ്പെടുത്തുന്നില്ല. എല്ലാ വൗച്ചറുകളും പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാംഖ്യയിൽ ലഭ്യമാകുന്ന പേയ്മെന്റ് വൗച്ചറുകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലോൺ രജിസ്റ്റർ, ബി4 ഷെഡ്യൂളിലെ ബാദ്ധ്യതകളുടെ വിവരം കാണിക്കുന്ന എസിആർ തുടങ്ങിയ അനുബന്ധരജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു.

ജനറൽ കമ്മറ്റി മിനിറ്റ്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ കമ്മറ്റിയുടെ 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ മിനിറ്റ്സ് എഴുതി പൂർത്തീകരിച്ചില്ല. സാമ്പത്തിക വർഷം കഴിഞ്ഞ് നാളിതുവരെയായിട്ടും സകർമ്മയിൽ മിനിറ്റ്സ് എഴുതി ക്ലോസ് ചെയ്യില്ലായെന്നത് ഗുരുതര വീഴ്ചയായി കാണുന്നു.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. നിർമ്മാണപ്രവർത്തികൾ ആരംഭിച്ചതിന് ശേഷം എല്ലാ പ്രോജക്ടുകളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതായി കാണുന്നു. വർക്ക് സൈറ്റ് കൃത്യമായി പരിശോധിച്ച് എസ്റ്റിമേററ് തയ്യാറാക്കാത്തതുമൂലമാണ് ഇത് സംഭവിക്കുന്നത്. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. ഭാഗികമായ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല. ഉദാ- വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ, കുടിവെള്ള പ്രോജക്ടുകൾ മുതലായവ.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.19 മുതൽ 29.07.19 വരെ | 2018-19 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.12.17 | 2013-14 മുതൽ 2016-17 വരെ | എൽ.ബി.എ.(എച്ച്.ക്യൂ.)/11/ BA/2727/324/29.01.18 |

## 1-10 വാർഷിക കണക്കുകളുടെ അവലോകനം

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) എസ്.ബി.ഐ., പള്ളിക്കത്തോട് ശാഖയിലെ 67320097716-ാം നമ്പർ നിർമ്മൽ ഭാരത് അഭിയാൻ അക്കൗണ്ടിൽ 31.03.2019 ൽ ബാങ്ക് ബുക്ക് പ്രകാരം 4,33,446 രൂപയും പാസ്ബുക്ക് പ്രകാരം 5,46,785.50 രൂപയുമാണുള്ളത്. എന്നാൽ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെൻറിൽ പാസ്ബുക്ക് ബാലൻസും 4,33,446 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അൺക്യാഷ്ഡ് ചെക്കുകളായ 980390 തീയതി 30.03.19 - 1,189 രൂ, 980391 തീയതി 30.03.19 - 1,177 രൂ, 980392 തീയതി 30.03.19 - 2,378 രൂ, 980394 തീയതി 30.03.19 - 1,08,596 രൂ എന്നിവ റീകൺലിയേഷൻ സ്റ്റേറ്റ്മെൻറിൽ ഉൾപ്പെട്ടിട്ടില്ല.

2) മുൻവർഷങ്ങളിൽ ലഭിച്ചതും തിരികെ നൽകാത്തതുമായ ഡെപ്പോസിറ്റ് തുകകൾ തുടർവർഷങ്ങളിലേക്ക് ക്യാരിഓവർ ചെയ്യുന്നില്ല.

3) Temporary Advance for official purpose എന്ന ശീർഷകത്തിൽ ക്രമീകരിക്കാനുള്ള 9,000 രൂപ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) വാടകയുടെ കുടിശ്ശിക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2017-18 വർഷം തൻവർഷ കുടിശ്ശിക 51,922 രൂപയും മുൻവർഷ കുടിശ്ശികകൾ 49,320 രൂപയുമാണ്. 2018-19 വർഷം കുടിശ്ശിക വരവ് 13,047 രൂപയാണ്. 2018-19 ലെ B15 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശിക 47,792 രൂപയാണ്. എന്നാൽ യഥാർത്ഥ കുടിശ്ശിക 88,195 രൂപയാണ്.

5) B15 ഷെഡ്യൂളിലെ 431400101 Rent Reveivables from Buildings (Current) എന്ന ഹെഡിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഡിമാൻറ് 1,31,851 രൂപയും കളക്ഷൻ 1,16,470 രൂപയുമാണ്. B15 പ്രകാരം ബാലൻസ് 19,709 രൂപയാണ്. എന്നാൽ മേൽ ഡിമാൻറ്, കളക്ഷൻ തുകകൾക്ക് വരേണ്ട ബാലൻസ് 15,381 രൂപയാണ്. രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എഴുതി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6) സംയുക്ത പദ്ധതികൾക്കായി പ്രത്യേക അക്കൗണ്ട് ഇല്ല. ഐ.എ.വൈ., എസ്.ജി.എസ്.വൈ അക്കൗണ്ടുകളിലാണ് മേൽ തുകകൾ നിക്ഷേപിക്കുന്നത്.

7) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിൽ നാല് പദ്ധതികൾക്കായി ഡെപ്പോസിറ്റ് നൽകിയ 11,80,840/- രൂപയുടേയും കേരള വാട്ടർ അതോറിറ്റിക്ക് ഒരു പദ്ധതിക്കായി ഡെപ്പോസിറ്റ് നൽകിയ 5,50,000/- രൂപയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത തുകകൾ B18 ഷെഡ്യൂളിലെ Advance to Implementing Agencies എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) സുലേഖ ചെലവ് പത്രിക പ്രകാരമുള്ള സംയുക്ത പ്രോജക്ടുകൾക്കുള്ള വരവുചെലവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9) ഷെഡ്യൂൾ RP-31 ൽ ശീർഷകം 320700105 ൽ 7,79,127 രൂപയാണ് തൻവർഷ വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 5 ലക്ഷം രൂപ മാത്രമാണ് വരവ്.

10) പ്രോജക്ട് നം.49/19-പാമ്പാടി താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് എന്ന

പദ്ധതിക്കായി കെ.എം.എസ്.സി.എൽ.ന് മുൻകൂർ നൽകിയ 15,00,000 രൂപ നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂർ എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ 01.04.2018 മുതൽ 26.07.2019 വരെയുള്ള വരവുകളുടെ രസീതുകൾ പരിശോധനക്ക് ലഭ്യമാക്കിയതിൽ 4608604-ാം നമ്പർ സ്റ്റേഷനറിയുടെ കൗണ്ടർഫോയിൽ ഉൾപ്പെട്ടിരുന്നില്ല. തുടർച്ചയായ സ്റ്റേഷനറി നമ്പറുകളിൽ ലഭ്യമാകുന്ന രസീതുകളിൽ 4608603-ാം നമ്പർ സ്റ്റേഷനറി ഉപയോഗിച്ചുള്ള 118020100041/29.03.2019 നമ്പർ രസീതിന്റെയും 4608605-ാം നമ്പർ സ്റ്റേഷനറി ഉപയോഗിച്ചുള്ള 119020100002/0705.2019 നമ്പർ രസീതിന്റെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിരുന്നു. 4608604-ാം നമ്പർ സ്റ്റേഷനറിയുടെ ഉപയോഗക്രമവും 4608604-ാം നമ്പർ സ്റ്റേഷനറി ഉപയോഗിച്ചുള്ള രസീതിന്റെ കൗണ്ടർ ഫോയിലും പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/06.08.19) മേൽ സ്റ്റേഷനറി സോനാ ചന്ദ്രൻ എന്നയാളുടെ വാടക ഇനത്തിലുള്ള വരവാണെന്നും ആയതിന്റെ കൗണ്ടർഫോയിൽ നഷ്ടപ്പെട്ടുപോയിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ തുക ട്രഷറിയിൽ അടവാക്കിയതിന്റെ പകർപ്പ് മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്. മേൽ ട്രഷറി രസീതിൽ അടവാക്കിയ തുകയാണ് 4608604-ാം നമ്പർ സ്റ്റേഷനറി പ്രകാരമുള്ള വരവ് എന്നുറപ്പിക്കുക പ്രായോഗികമല്ല. കൂടാതെ വിവിധ കാരണങ്ങളാൽ ക്യാൻസൽ ചെയ്യുന്ന രസീതുകളിലെല്ലാം ക്യാൻസൽഡ് എന്നെഴുതി സെക്രട്ടറി ഒപ്പുവച്ച് അധികൃതമാക്കുന്നതായി കാണുന്നില്ല. രസീതുകളുടെ അശ്രദ്ധമായ ഉപയോഗം ക്രമക്കേടുകൾക്ക് ഇടയാക്കുമെന്നതിനാൽ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-2 ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുന്ന ചെക്കുകളുടെ നമ്പറുകൾ ബാങ്ക് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

2018-19 സാമ്പത്തികവർഷം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുന്ന ചെക്കുകളുടെ നമ്പറുകൾ സാംഖ്യയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) ചെക്ക് ഇഷ്യൂ രജിസ്റ്ററും പാസ് ബുക്കും പ്രകാരം 9989388-ാം നമ്പർ ചെക്ക് മുഖേന 1,13,800 രൂപയും 9989389-ാം നമ്പർ ചെക്ക് മുഖേന 25,550 രൂപയുമാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ ബാങ്ക് ബുക്കിൽ 9989388-ാം നമ്പർ ചെക്ക് മുഖേന 1,25,550 രൂപയും 9989389-ാം നമ്പർ ചെക്ക് മുഖേന 13,800 രൂപയും പിൻവലിച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) ചെക്ക് ഇഷ്യൂ രജിസ്റ്ററും പാസ് ബുക്കും പ്രകാരം 9989359-ാം നമ്പർ ചെക്ക് മുഖേന 5,00,000 രൂപയും 9989360-ാം നമ്പർ ചെക്ക് മുഖേന 1,03,425 രൂപയുമാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ ബാങ്ക് ബുക്കിൽ 9989360-ാം നമ്പർ ചെക്ക് മുഖേന 6,23,425 രൂപ പിൻവലിച്ചിരിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 9989359-ാം നമ്പർ ചെക്ക് മുഖേന

തുകയൊന്നും പിൻവലിച്ചിട്ടില്ല.

3)

| ക്രമ നം. | പാസ് ബുക്ക് പ്രകാരം ചെക്ക് നമ്പർ | തുക | ബാങ്ക് ബുക്ക് പ്രകാരം ചെക്ക് നമ്പർ |
|---|---|---|---|
| 1 | 233296 | 3,900 | 233297 |
| 2 | 233671 | 11,552 | 233673 |
| 3 | 233297 | 3,200 | 233298 |

ത്രിതല പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ ഇത്തരം തെറ്റുകൾ തുടർച്ചയായി വരുത്തുന്നത് ആശാസ്യമല്ല. തന്മൂലം പിന്നീടുള്ള പരിശോധനയിൽ തുകകളുടെ പിൻവലിക്കലുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ തീർപ്പാക്കേണ്ടതാണ്

പഞ്ചായത്തിലെ തീർപ്പായ വിവിധ സ്കീമുകളുടെ അക്കൗണ്ടുകളിൽ നിലവിൽ ശേഷിക്കുന്ന തുകകളുടെ കൃത്യത ഉറപ്പ് വരുത്തി അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം | തുക (രൂപ) | ബാങ്ക് അക്കൗണ്ട് | റിമാർക്സ് |
|---|---|---|---|
| 450410102 | 10,18,080 | എസ്.ബി.ടി., പള്ളിക്കത്തോട് (57050872594) | SGSY സ്കീം പൂർത്തീകരിച്ചെങ്കിലും വിവിധ സംയുക്ത പ്രോജക്ടുകളുടെ ഉൾപ്പെടെയുള്ള തുക ഈ അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. |
| 450410104 | 412 | എസ്.ബി.ടി., പള്ളിക്കത്തോട് (67318430696) | ഐ.എ.വൈ കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരികെ അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. |
| 450410105 | 3,58,703 | എസ്.ബി.ടി., പള്ളിക്കത്തോട് (67318430696) | ഹാംലറ്റ് സ്കീം പൂർത്തീകരിച്ചു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. |
| 450430101 | 1,431 | റീജിയണൽ ഫാർമേഴ്സ് എസ്.സി.ബി., മണർകാട് | സ്കീം പൂർത്തീകരിച്ചു. ചെലവഴിക്കാതെ |

| | | | |
|---|---|---|---|
| | | (0123000004773) | അവശേഷിക്കുന്ന തുക തിരികെ അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. |
| 450610102 | 56,43,256 | എസ്.ബി.ടി., പള്ളിക്കത്തോട് (67169988433) | ഐ.എ.വൈ സ്കീം പൂർത്തീകരിച്ചു. എന്നാൽ സംയുക്ത പ്രോജക്ടുകളുടെ ഉൾപ്പെടെയുള്ള തുക ഈ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. |
| 450610104 | 6,835 | കാനറാ ബാങ്ക്, മണർകാട് (0779101019543) | ഐ.എ.വൈ സംസ്ഥാന വിഹിതം അവശേഷിക്കുന്നത് തിരികെ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. |
| 450630101 | 1,203 | റീജിയണൽ ഫാർമേഴ്സ് എസ്.സി.ബി., മണർകാട് (0123000006332) | സാക്ഷരതാ അക്കൗണ്ടിൽ അവശേഷിക്കുന്ന തിരികെ അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. |

നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-4-1 പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണ്ണയിച്ച് നല്കിയ വാടകയിലും കുറഞ്ഞ തുകയ്ക്ക് കെട്ടിടം വാടകയ്ക്ക് നൽകിയിരിക്കുന്നു

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 26.06.2018 ലെ 6/4-ാം നമ്പർ തീരുമാനത്തിൽ കിടങ്ങൂർ പിറയാർ വനിതാ വിപണന കേന്ദ്രം കെട്ടിടത്തിന്റെ ഒന്നാംനില ഹാളിന്റെ മാസവാടക 14.06.2018 തീയതി മുതൽ 8,550/- രൂപ ന്യായവില നിർണ്ണയിച്ചുകൊണ്ടുള്ള പാലാ പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14.06.2018 ലെ ഡിബി2-337/2018 നമ്പർ വാടക നിർണ്ണയ സാക്ഷ്യപത്രം അംഗീകരിച്ചിരുന്നു. എന്നാൽ 04.02.19 ലെ അടിയന്തിര കമ്മറ്റിയുടെ 6/2(5)-ാം നമ്പർ തീരുമാനപ്രകാരം 23.02.19 ലെ ലേലപ്പരസ്യം അനുസരിച്ച് പ്രസ്തുത ഹാളിന് 2,500/- രൂപ അടിസ്ഥാന വാടക നിശ്ചയിക്കുകയും 2,600/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീമതി ശാന്തിനി ബൈജുവിന് വാടകയ്ക്ക് നൽകുകയും ചെയ്തിരിക്കുന്നു. പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണ്ണയിച്ച് നല്കിയ വാടകയിലും കുറഞ്ഞ തുകയ്ക്ക് കെട്ടിടം വാടകയ്ക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/07.08.19) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണ്ണയിച്ച് നല്കിയ വാടകയാണ് ലേലത്തിൽ അടിസ്ഥാന വാടകയായി നിശ്ചയിക്കേണ്ടിയിരുന്നത്. പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണ്ണയിച്ച വാടക ഈടാക്കുന്നതിനുള്ള ക്രമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4-2 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ നടപടിക്രമങ്ങളിലെ പോരായ്മകൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ 2018-19 വർഷം വാടകയ്ക്ക് നൽകിയതിലെ നടപടിക്രമങ്ങളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) നിലവിൽ തുടരുന്ന വാടകക്കാരുമായി തൻവർഷം പുതിയ കരാർ ചമച്ചിട്ടില്ല. വാടക കാലാവധി ദീർഘിപ്പിക്കുവാനുള്ള വാടകക്കാരുടെ അപേക്ഷ മാത്രമാണ് ഫയലിലുള്ളത്. വാടക കുടിശ്ശിക വരുത്തുക, വാടകയ്ക്ക് എടുക്കുന്ന വ്യക്തി മറ്റൊരാൾക്ക് ഉപയോഗത്തിനായി മറിച്ച് നൽകുക, വസ്തുവകകൾക്ക് നഷ്ടം വരുത്തുക എന്നീ സന്ദർഭങ്ങളിൽ പഞ്ചായത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കത്തക്കവിധത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതാണ്.

2) തൻമാസ വാടക തൊട്ടടുത്തമാസം അഞ്ചാംതീയതിക്കകം ഒടുക്കാത്ത വാടകക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നില്ല. പിഴപലിശ ഒടുക്കേണ്ടി വരില്ല എന്നതിനാൽ വാടക കൃത്യമായി വാടകക്കാർ ഒടുക്കുന്നില്ല. എല്ലാ മാസത്തേയും വാടക ഒന്നിച്ച് വർഷാവസാനം ഒടുക്കുന്നതായാണ് കാണുന്നത്.

3) വർഷങ്ങളായി തുടർന്നുവരുന്ന വാടകക്കാരിൽ നിന്നും ഒരേ വാടക ഈടാക്കുന്നു. ഓരോ സാമ്പത്തിക വർഷവും വാടകയിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുന്നില്ല.

4) ഓരോ വർഷവും ബ്ലോക്ക് പഞ്ചായത്തിന്റെ വാടക സംബന്ധിച്ച രജിസ്റ്റർ യഥാവിധി പൂർത്തിയാക്കി ഡി.സി.ബി. തയ്യാറാക്കുന്നില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലെ വാടക അടവുകൾ തുടർച്ചയായി രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നു വരുന്നത്.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-5** പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാത്തതിനാൽ അതാത് സ്ഥാപനങ്ങളിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, വ്യക്തമായ പ്രോജക്ടുകൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാത്ത തുകകളോ ആണ്. കൂടാതെ ത്രിതലപഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പദ്ധതികളുടെ നടത്തിപ്പിന് പഞ്ചായത്തിന് ലഭിച്ചവയിൽ പ്രോജക്ട് ഇല്ലാത്ത തുകകളും ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം | തുക (രൂപ) | റിമാർക്സ് |
|---|---|---|
| 320200206 | 1,00,000 | താലൂക്ക് ആശുപത്രി വൃദ്ധരുടെ ടോയ്‌ലറ്റ് നിർമ്മാണത്തിനായി 2013-14 ൽ ലഭിച്ച തുക. സ.ഉ(അച്ചടി)07/2017 ഫിൻ തീ 23.01.2017 പ്രകാരം നീക്കിയിരിപ്പുള്ള തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. |

| | | |
|---|---|---|
| 320200301 | 2,66,058 | ശുചിത്വ മിഷനിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായ തുകയിൽ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട സ്ഥാപനത്തിലേയ്ക്ക് തിരിച്ചടക്കണം. |
| 320300199 | 3,58,703 | ഹാംലെറ്റ് പദ്ധതിയ്ക്കായി ITDPയിൽ നിന്നും ലഭിച്ചതിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് തിരിച്ചടക്കണം. |
| 320800101 | 1,88,419 | ഗുണഭോക്തൃവിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള 1,88,419 രൂപയുടെ കൃത്യത ഉറപ്പുവരുത്തി ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 320800199 | 6,835 | ഐ.എ.വൈ സംസ്ഥാന വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരികെ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. |
| 320100110 | 412 | ഐ.എ.വൈ കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരികെ അടവാക്കി ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്. |
| 320700204 | 25,39,465 | ഐ.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരികെ അടവാക്കി ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്. |

ബാദ്ധ്യതയായി വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത തുകകൾ തിരിച്ചടച്ച് വാർഷികകണക്കുകളിൽ നിന്ന് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന തുക പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്

സ.ഉ(പി)നം.07/17/ഫിൻ/23.01.17 പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിനായി ഒരു സ്പെഷ്യൽ ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. മറ്റ് ഫണ്ടുകളൊന്നും ഈ അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതുമല്ല. ബ്ലോക്ക് പഞ്ചായത്ത് ഈ ആവശ്യത്തിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന തുകകൾ ജനറൽ പർപ്പസ് ഫണ്ട് ട്രഷറി അക്കൗണ്ട്, എസ്.ജി.എസ്.വൈ., ഐ.എ.വൈ. അക്കൗണ്ടുകളിലായാണ് സൂക്ഷിച്ച് വരുന്നത്. സംയുക്ത പ്രോജക്ടുകൾക്കായി പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ച് തുക നിക്ഷേപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഇ -ടെൻഡർ ഫീസിനത്തിൽ ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽനിന്നും ലഭിക്കാനുള്ള തുക ലഭ്യമായില്ല

മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ഇ-ടെൻഡറുകളുടെ ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. 2018-19 വർഷം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായതുകകൾ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942 /2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തുന്നതിനായി തയ്യാറാക്കിയ എല്ലാ പ്രോജക്ടുകളും ഇ-ടെൻഡർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്. തൻവർഷത്തെയും മുൻവർഷത്തേതുമുൾപ്പടെ വളരെയധികം തുക ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്നു. ഇ-ടെൻഡർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വായ്പതുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചു-പലിശയിനത്തിൽ വൻതുക ബാദ്ധ്യത

സർക്കാർ ഉത്തരവ് (കൈ)നം.193/2013/തസ്വഭവ തീയതി 24.5.13 പ്രകാരം 2011-12 ൽ എഗ്രിമെന്റ് വച്ച ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ത്രിതല സഹകരണബാങ്കുകളിൽ നിന്നും ലോൺ എടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ലോൺ തുക ബ്ലോക്ക് പഞ്ചായത്തുകൾതന്നെ 10 വർഷം കൊണ്ട് പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കേണ്ടതാണെന്നും 11.25% പലിശ സർക്കാർ വഹിക്കുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. കൂടാതെ സർക്കാർ ഉത്തരവ്(എം.എസ്.)90/13/തസ്വഭവ തീയതി 14.03.2013 പ്രകാരം 2012-13 വർഷത്തെ പ്ലാൻഫണ്ടിൽ ചെലവഴിക്കാതെ ബാക്കിയായ തുകയിൽ നിന്നും അടിയന്തിരമായി ഐഎവൈ പദ്ധതിയുടെ സംസ്ഥാനസർക്കാർ വിഹിതം നൽകുന്നതിനായി വിനിയോഗിക്കാമെന്നും ടി തുക വായ്പ ലഭ്യമാകുകയോ സർക്കാരിൽ നിന്നും പണം ലഭിക്കുകയോ ചെയ്താലുടൻ പ്ലാൻഫണ്ടിനത്തിൽ തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെ ബ്ലോക്ക് പഞ്ചായത്ത് സാമ്പത്തിക ഇടപാടുകളിൽ നടത്തിയ ഗുരുതരമായ ക്രമക്കേടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് വായ്പ തുക --പ്ലാൻഫണ്ടിലേക്ക് തിരികെ ഒടുക്കിയില്ല

2012-13 വർഷം പ്ലാൻഫണ്ടിൽ ചെലവാകാതിരുന്ന 52.50 ലക്ഷം രൂപ(പൊതുവിഭാഗത്തിൽ

നിന്നും 39 ലക്ഷം രൂപയും എസ്.സി.പി. വിഭാഗത്തിൽ നിന്നും 13.50 ലക്ഷം രൂപയും) ഐ.എ.വൈ. പദ്ധതിയ്ക്കായി സർക്കാർ ഉത്തരവ് പ്രകാരം വകമാറ്റി ഐ.എ.വൈ. പ്ലാൻഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിരുന്നു(പള്ളിക്കത്തോട് എസ്.ബി.ഐ. അക്കൗണ്ട് നം.67169988433). വായ്പ തുക ലഭ്യമാകുന്ന മുറയ്ക്ക് ടി തുക തിരികെ പ്ലാൻഫണ്ടിലൊടുക്കേണ്ടതായിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും 30 ലക്ഷം രൂപയും കിടങ്ങൂർ സർവ്വീസ് സഹകരണബാങ്കിൽ നിന്നും 22.50 ലക്ഷം രൂപയും ഉൾപ്പടെ ആകെ 52.50 ലക്ഷം രൂപ വായ്പ ലഭിച്ചിരുന്നു. തുക ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ലഭിച്ച തുക | വരവ് വന്ന തീയതി |
|---|---|---|
| ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് | 1,00,000/- | 30.4.13 |
| | 29,00,000/- | 30.12.13 |
| കിടങ്ങൂർ സർവ്വീസ് സഹകരണബാങ്ക് | 1,00,000/- | 30.4.13 |
| | 21,50,000/- | 30.1.14 |
| ആകെ | 52,50,000/- | |

വായ്പയായി ലഭിച്ച തുക പ്ലാൻ ഫണ്ടിനത്തിൽ വരവ് വയ്ക്കേണ്ടതിന് പകരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഐ.എ.വൈ. പ്ലാൻഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (പള്ളിക്കത്തോട് എസ്.ബി.ഐ. അക്കൗണ്ട് നം.67169988433) നിക്ഷേപിച്ച് തനത് ഫണ്ടായി കണക്കാക്കി മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കുകയാണുണ്ടായത്. ഇത് സർക്കാർ ഉത്തരവുകളുടെ ഗുരുതരമായ ലംഘനമാണ്.

<u>മതിയായ ഫണ്ട് ബാലൻസ് ഉണ്ടായിരുന്നിട്ടും ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുത്തു</u>

ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും സംസ്ഥാനസർക്കാർ വിഹിതവും സൂക്ഷിച്ചിരുന്നത് പള്ളിക്കത്തോട് എസ്.ബി.ഐ.യുടെ 67169988433 നം. അക്കൗണ്ടിലായിരുന്നു. ടി അക്കൗണ്ടിൽ 1.4.2013 ലെ മുന്നിരിപ്പ് തുക 1,50,99,819/- രൂപയായിരുന്നു. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളതും ജില്ലാപഞ്ചായത്തുവിഹിതവും ഉൾപ്പടെ 30.4.13 ലെ ബാലൻസ് തുക 2,23,98,246/- രൂപ അക്കൗണ്ടിലവശേഷിക്കുമ്പോഴാണ് ബ്ലോക്ക് പഞ്ചായത്ത് 52.50 ലക്ഷം രൂപ വായ്പ എടുക്കുന്നതിനായി സഹകരണബാങ്കുകളുമായി കരാറിലേർപ്പെടുന്നത്. കൂടാതെ 2013-14 വർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നുമായി 2.19 കോടി രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുകയും 2.14 കോടി രൂപ ഐഎവൈ ഗുണഭോക്താക്കൾക്കായി ചെലവഴിക്കുകയും ചെയ്തിരുന്നു. 31.3.14 ൽ അക്കൗണ്ടിൽ ബാലൻസ് തുകയായി 2.09 കോടി രൂപ അവശേഷിക്കുന്നുമുണ്ടായിരുന്നു. ഇതിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വായ്പ തുകയുടെ ആവശ്യം ഇല്ലാതെ തന്നെ വായ്പ എടുക്കുകയും അതുമൂലം വൻ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുകയുമാണ് ഉണ്ടായത് എന്നത് വ്യക്തമാണ്. 52.50 ലക്ഷം രൂപ അനാവശ്യമായി വായ്പ എടുക്കുകയും തൻമൂലം പലിശ ഉൾപ്പടെ 78,15,291/-രൂപ ബ്ലോക്ക് പഞ്ചായത്തിന്

ബാദ്ധ്യത വരുത്തി വയ്ക്കുകയുമാണ് ഉണ്ടായത്.

<u>ഭവനപദ്ധതിയ്ക്കായുള്ള വായ്പ തുക വകമാറ്റി വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കി</u>

വാസയോഗ്യമായ പാർപ്പിടം ഇല്ലാത്ത എല്ലാ ദരിദ്രകുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഐ.എ.വൈ. പദ്ധതിയ്ക്ക് സംസ്ഥാനസർക്കാർ വിഹിതം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ലഭ്യമാക്കിയ വായ്പ തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും 2013-14, 2014-15 വർഷങ്ങളിൽ റോഡ് നിർമ്മാണ പ്രോജക്ടുകൾ, ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങൽ എന്നിവ ഉൾപ്പടെ വിവിധ പ്രോജക്ടുകൾക്കായി തുക ചെലവഴിക്കുകയും ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പാറാമറ്റം -താന്നിക്കുന്ന് റോഡ് നിർമ്മാണം- പാമ്പാടി പഞ്ചായത്ത് | 11,40,000/- | ചെക്ക് നം. 615435/27.3.14 |
| മലമ്പതി കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 1,99,273 | 960080 &960081/ 2.3.15 |
| രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമ്മാണം | 5,00,000/- | 960083/9.3.15 |
| സിഡിപിഒ ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ | 80246 | 960047/28.10.15 |
| ബ്ലോക്ക് പഞ്ചായത്ത് വാഹനം | 9,98,900/- | 615418/30.12.13 |
| ആകെ | 29,18,419/- | |

ഭവനപദ്ധതിയ്ക്കായി ലഭിച്ച തുക ഇപ്രകാരം വകമാറ്റി മറ്റ് പ്രവർത്തികൾക്ക് വിനിയോഗിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ടി പ്രോജക്ടുകൾക്ക് ചെലവഴിച്ചതിന് ശേഷം ബാക്കിയുള്ള തുകയായ 23,31,581/- രൂപയിൽ 20,02,447/- രൂപ 2018-19 വർഷം വായ്പ തുകയിലേക്ക് അടയ്ക്കുകയുണ്ടായി. ലോൺ തുകയിൽ ബാക്കി നിൽക്കുന്ന 3,29,134/- രൂപയും സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

വായ്പ ലഭിച്ച് 4 വർഷത്തിന് ശേഷം മാത്രം തിരിച്ചടവ് ആരംഭിച്ചു- ബാങ്ക് നിയമനടപടിയിലേക്ക് നീങ്ങിയതുമൂലം വായ്പ തുക മുഴുവനും തിരികെ അടക്കേണ്ടി വന്നു.

2013-14 വർഷം രണ്ട് ബാങ്കുകളിൽ നിന്നായി 52.50 ലക്ഷം രൂപ വായ്പ ലഭിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം അടുത്ത സാമ്പത്തിക വർഷം മുതൽ തന്നെ പ്ലാൻഫണ്ട് വിനിയോഗിച്ച് 10 തുല്യഗഡുക്കളായി തിരിച്ചടവ് നടത്തേണ്ടിയിരുന്നു. എന്നാൽ മുതലിനത്തിലുള്ള തുകയും പലിശയും സർക്കാർ അടയ്ക്കും എന്ന ധാരണയിൽ ബ്ലോക്ക് പഞ്ചായത്ത് മുതലിനത്തിലുള്ള തുക പോലും അടയ്ക്കുകയുണ്ടായില്ല. വായ്പ നൽകിയ ആനിക്കാട് റീജണൽ ഫാർമേഴ്സ് സഹകരണ ബാങ്ക് 2015-16 വർഷം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുമ്പാകെ ആർബിട്രേഷനിൽ കേസ് ഫയൽ ചെയ്യുകയും പലിശ ഉൾപ്പടെ ലോൺതുക മുഴുവൻ ഒറ്റഗഡുവായി അടച്ചു തീർക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 10 വർഷം കൊണ്ടുമാത്രം അടച്ചു

തീർക്കാമായിരുന്ന മുതലിനത്തിലുള്ള ലോൺ തുക മുഴുവനായും 2017-18, 2018-19 വർഷങ്ങളിലായി അടച്ചു തീർക്കുകയായിരുന്നു. 2017-18 വർഷം പ്ലാൻഫണ്ട് വിനിയോഗിച്ച് വിവിധ പ്രോജക്ടുകളിലായി 16,23,776/- രൂപ വീതം രണ്ടുബാങ്കുകളിലുമായി അടയ്ക്കുകയും 2018-19 വർഷം ലോൺ തുക നിക്ഷേപിച്ചിരുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നും ബാക്കി തുകയായ 20,02,447/-രൂപ നൽകുകയുമാണ് ഉണ്ടായത്. മറ്റ് പ്രോജക്ടുകൾക്ക് വിനിയോഗിക്കാമായിരുന്ന തുക ഈ രീതിയിൽ ലോൺ തിരിച്ചടവിന് മാത്രമായി ഉപയോഗപ്പെടുത്തേണ്ടി വന്നത് സ്ഥാപനത്തിന്റെ ഉത്തമ താത്പര്യങ്ങൾക്ക് വിരുദ്ധമാണ്.

ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച വായ്പ തുകയ്ക്ക് പലിശയിനത്തിൽ വൻബാദ്ധ്യത

പ്ലാൻ ഫണ്ടിൽ തിരികെ അടയ്ക്കേണ്ടിയിരുന്ന 11.25% പലിശയോടുകൂടിയ വായ്പ തുക ആയത് ചെയ്യാതെ ബാങ്ക് സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുകയായിരുന്നു. തൻമൂലം 11.6.18 ൽ ആനിക്കാട് സർവ്വീസ് സഹകരണബാങ്കിൽ പലിശയിനത്തിൽ 14,91,300/- രൂപയും കിടങ്ങൂർ സർവ്വീസ് സഹകരണബാങ്കിൽ 10,44,019/- രൂപയും ഉൾപ്പടെ ആകെ 25,35,319/-രൂപ തിരികെ അടയ്ക്കാൻ ശേഷിക്കുന്നതായി കാണുന്നു. ആവശ്യാധിഷ്ഠിതമല്ലാതെ വായ്പയെടുക്കുകയും എടുത്ത വായ്പ സർക്കാർ ഉത്തരവുകൾക്കനുസൃതമായി തിരികെ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും സർക്കാരിലേക്ക് തിരികെ അടക്കേണ്ട തുക അടയ്ക്കാതെ തനത് ഫണ്ട് പോലെ കൈകാര്യം ചെയ്ത് ചെലവഴിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വന്ന ഭീമമായ പലിശതുകയ്ക്ക് ഉത്തരവാദിത്വം ടി കാലയളവിലെ സെക്രട്ടറിയ്ക്കും ഭരണസമിതിയ്ക്കുമാണ്. പലിശ അടയ്ക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു കൊണ്ട് 30.8.18ൽ നിലവിലെ സെക്രട്ടറി ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ, പി.എ.യു., കോട്ടയത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല മറുപടിയുണ്ടായിട്ടില്ല.

മുതൽ ഇനത്തിൽ തിരികെ അടച്ച തുക ബാങ്ക് വരവ് വച്ചത് പലിശയിനത്തിൽ

26.7.18 ൽ ബ്ലോക്ക് പഞ്ചായത്ത്, ആനിക്കാട് റീജയണൽ ഫാർമേഴ്സ് സഹകരണബാങ്കിൽ മുതൽ ഇനത്തിൽ അടച്ച 13,76,223/- രൂപ ബാങ്ക് വരവ് വച്ചത് സംസ്ഥാനസർക്കാർ അടയ്ക്കുമെന്ന് കരുതപ്പെടുന്ന പലിശയിനത്തിലാണ്. തൻമൂലം ബാങ്കിന്റെ കണക്കുകളിൽ മുതൽ ഇനത്തിൽ തുക അടയ്ക്കാൻ അവശേഷിക്കുന്നതു മൂലം പലിശ ഇനത്തിലുള്ള ബാദ്ധ്യത ഇനിയും കൂടാൻ സാദ്ധ്യതയുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 30.5.19 ൽ നം.എ3/2071/18 നമ്പർ കത്ത് പ്രകാരം ഈ രീതിയിൽ പലിശ തുകയിലേക്ക് വരവ് വച്ചത് സർക്കാർ ഉത്തരവിന്റെയും വായ്പ കരാർ ഉടമ്പടിയുടേയും ലംഘനമായതിനാൽ മേൽ തുക, മുതൽ ഇനത്തിൽ വകയിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആനിക്കാട് ബാങ്കിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബാങ്കിന്റെ ഭാഗത്തു നിന്നും നടപടിയൊന്നും ഉണ്ടായില്ല.

മേൽപറഞ്ഞ അപാകതകൾ വ്യക്തമാക്കുന്നത് ആവശ്യാധിഷ്ഠിതമല്ലാതെ വായ്പ എടുക്കുകയും ടി തുക സർക്കാർ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുകയും ചെയ്തതിനാൽ വൻ പലിശബാദ്ധ്യത സ്ഥാപനത്തിന് ഉണ്ടാകുകയും ചെയ്തു എന്നതാണ്. സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്നപക്ഷം ആയത് അനുസരിച്ച് ബാദ്ധ്യത തീർക്കാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം പലിശയിനത്തിലുള്ള ബാദ്ധ്യത തുകയ്ക്ക് ടി കാലയളവിലെ സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും

ഉത്തരവാദികളാകുന്നതുമാണ്.

## 3-2 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് തുക നൽകി-രജിസ്റ്ററുകൾ ഫോമുകൾ ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് 2019-20ൽ ആവശ്യമായ രജിസ്റ്ററുകളുടെയും ഫോമുകളുടെയും വാങ്ങുന്നതിനായി ഇൻഡന്റ് തയ്യാറാക്കി ചെക്ക് നം.753334/27.03.19 പ്രകാരം 23,408 രൂപ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കൈമാറി. എന്നാൽ ഓഡിറ്റ് സമയം വരെയും രജിസ്റ്ററുകളും ഫോമുകളും ലഭിച്ചിരുന്നില്ല. ആയവ ലഭിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 23,408/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രജിസ്റ്ററുകളും ഫോമുകളും ലഭ്യമാക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 അകലക്കുന്നം -വൃദ്ധർക്കുള്ള റിക്രിയേഷൻ സെന്റർ ഫർണ്ണിച്ചർ വാങ്ങൽ - വിതരണവും സംരക്ഷണവും നിരീക്ഷിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 80/19, അകലക്കുന്നം വൃദ്ധർക്കുള്ള റിക്രിയേഷൻ സെന്റർ പൂർത്തീകരണം -ഫർണ്ണിച്ചർ, ടി വി വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 3,00,000 (വികസന ഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | 90,035(വികസനഫണ്ട്)<br>(ബിൽ നം.77/25.03.19 - 39,090 രൂപ<br>ബിൽ നം.84/28.03.19 - 8,945 രൂപ<br>ബിൽ നം.87/28.03.19 -42,000 രൂപ) |

ശബരി സ്റ്റീൽ ഫർണ്ണിച്ചർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വൃദ്ധർക്കുള്ള വിനോദകേന്ദ്രത്തിലേയ്ക്ക് ചുവടെ ചേർക്കുന്ന ഫർണ്ണിച്ചർ വാങ്ങി.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ ഓഫീസ് ആം ചെയർ | 3 |
| 2 | സ്റ്റീൽ ഓഫീസ് ടേബിൾ | 3 |
| 3 | പ്ലാസ്റ്റിക് കസേരകൾ | 30 |
| 4 | സ്റ്റീൽ അലമാര | 1 |
| 5 | എൽ.ഇ.ഡി ടിവി | 1 |

08.08.19 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കേന്ദ്രത്തിന്റെ വൈദ്യുതീകരണം

പൂർത്തീകരിച്ചില്ലെന്ന കണ്ടു. കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതിന മുമ്പ് ഉപകരണങ്ങൾ വാങ്ങിയതിനാൽ എല്ലാ ഉപകരണങ്ങളും ഇവിടെ സൂക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. കുറച്ചെണ്ണം മറ്റൊരു കെട്ടിടത്തിലാണ് നിലവിൽ സൂക്ഷിച്ചുവരുന്നത്. 42,000 രൂപ ചെലവഴിച്ച് വാങ്ങിയ എൽ.ഇ.ഡി ടി.വി 23.03.19 ൽ ലഭ്യമായതാണ്. എന്നാൽ വൈദ്യുതി ലഭ്യമല്ലാത്തതിനാൽ നിലവിലും പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല. വൈദ്യുത കണക്ഷൻ ലഭ്യമാകുന്നതിന് മുമ്പ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വാങ്ങൽ നടത്തുക വഴി തുക ചെലവഴിക്കുക എന്നതായിരുന്ന പ്രോജക്ട് നടപ്പാക്കിയതിന്റെ ഉദ്ദേശം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫർണ്ണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ വിവരം ചേർത്തിട്ടില്ല. പരിപാലനത്തിന്റെ ചുമതല പ്രത്യേക ഉദ്യോഗസ്ഥന് നൽകിയിട്ടില്ല. ഫർണ്ണിച്ചറുകളുടെ വിതരണം കൃത്യമായി നിരീക്ഷിക്കുവാനും പരിപാലന ചുമതല ഏൽപ്പിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതും ഉപകരണങ്ങൾ പൂർണ്ണമായും വിനോദകേന്ദ്രത്തിൽ സജ്ജമാക്കി നഷ്ടപ്പെടാതെ സൂക്ഷിക്കുവാനും സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഉപകരണങ്ങൾ വാങ്ങാനായി ചെലവഴിച്ച 90,035/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - തുടർപ്രവർത്തനം നിരീക്ഷിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 06/19, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്- ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 2,89,344 രൂപ(വികസന ഫണ്ട് - ജനറൽ )<br>1,89,000 രൂപ(തനത് ഫണ്ട്) |
| ചെലവ് | 2,88,401 രൂപ (വികസന ഫണ്ട് - ജനറൽ)<br>(1. ബിൽ നം.56/11.02.19 -71,500<br>2. ബിൽ നം.58/11.03.19 - 38,600<br>3. ബിൽ നം.64/14.03.19 - 84,000<br>4. ബിൽ നം.72/16.03.19 -17,813<br>5. ബിൽ നം.73/16.03.19 - 76,488)<br>21,671 രൂപ (തനത് ഫണ്ട്)<br>(ചെക്ക് നം.753322/18.03.19) |

പ്രോജക്ടിന്റെ ഭാഗമായി പുതിയ ഓഫീസ് ഫർണ്ണിച്ചർ സ്ഥാപിക്കേണ്ടതിലേയ്ക്ക് ബ്ലോക്ക്

പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന റാക്കുകൾ, സ്റ്റീൽ അലമാരകൾ എന്നിവ ചുമന്ന് ഡ്രസ്സ് ബാങ്ക് കെട്ടിടത്തിലേയ്ക്ക് മാറ്റിയതിന് ബിൽ നം.5 (സബ് വൗച്ചർ 44,45/14.12.18, 53,54/18.12.18)പ്രകാരം 5,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മാറ്റപ്പെട്ട ഉപകരണങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഉപകരണങ്ങളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തി ലേലനടപടി സ്വീകരിച്ച് തുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാനും നടപടി കൈക്കൊള്ളേണ്ടതാണ്.

2018-19 ൽ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. പഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ഐ.എസ്.ഒ - 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ് നം.18/15/തസ്വഭവ/29.01.15) പ്രകാരം ക്വാളിറ്റി മാനുവൽ തയ്യാറാക്കണമെന്നും അനുബന്ധം 2 ൽ ഉത്തരവാദിത്ത നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായി ജീവനക്കാരുടെ കൂട്ടായ്മയായ ക്വാളിറ്റി സർക്കിൾ രൂപീകരിച്ച് 15 ദിവസത്തിലൊരിക്കൽ യോഗം ചേരണമെന്നും പ്രവർത്തന പുരോഗതി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല. തുടർപ്രവർത്തനങ്ങളിലൂടെ സ്ഥാപനത്തിന്റെ റാങ്കിംഗ് നിലനിർത്തുന്നതിന് സെക്രട്ടറിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തന സജ്ജമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 146/19, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് മെഷിനറി അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 3,50,000(വികസന ഫണ്ട് - ജനറൽ )<br>2,10,500 ( തനത് ഫണ്ട്)<br>1,00,000 (മറ്റുള്ളവ)<br>-----------<br>6,60,500 |
| ചെലവ് | 2,50,000(വികസന ഫണ്ട് - ജനറൽ) |

പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക് ആവശ്യമായ മെഷീനുകൾ ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ് വിതരണം ചെയ്യുകയും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങുകയും ചെയ്യാനാണ് പ്രോജക്ട് രൂപീകരിച്ചത്. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനുകളുടെ ആകെ വിലയായ 9,82,943 രൂപയിൽ 7,89,500 രൂപ കമ്പനിയ്ക്ക് 2017-18 ലെ പ്രോജക്ട് പ്രകാരം അഡ്വാൻസായി നൽകിയിരുന്നു. 1,93,443 രൂപ കൂടി ഇനിയും നൽകാൻ അവശേഷിക്കുന്നു. 30.01.18 ൽ കമ്പനിയുമായി കരാറിലേർപ്പെട്ടു. 23.12.18 നാണ് മെഷീനുകൾ ഇൻസ്റ്റാൾ ചെയ്തത്. 2018-19 ൽ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനാണ് വികസനഫണ്ടിൽ നിന്നും 2,50,000 രൂപ ചെലവഴിച്ചത്. യൂണിറ്റ് പൂർണ്ണമായും പ്രവർത്തന സജ്ജമാണെങ്കിലും 03.08.19 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നിലവിലും യൂണിറ്റിന്റെ പ്രവർത്തനം

പഞ്ചായത്ത് ആരംഭിച്ചിട്ടില്ല എന്ന് കണ്ടു. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൊണ്ടുവന്ന പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ വൻശേഖരം നിലവിൽ യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ കുന്നുകൂടി കിടക്കുകയാണ്. തുടർപ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/19)മറുപടിയായി തുടർപ്രവർത്തനങ്ങൾക്കായി 2019-20 വർഷം 6,24,240 രൂപ വകയിരുത്തിയിട്ടുണ്ടെന്നും, ശുചീകരണ പ്രവർത്തനങ്ങൾക്കായി ഏഴ് പേരെ തെരെഞ്ഞെടുത്ത് 13.08.19 ന് പരിശീലനം നൽകുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-6 കിടങ്ങൂർ വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ - ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 86/19, കിടങ്ങൂർ വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 2,00,000 (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 1,39,190 (വികസന ഫണ്ട്-പൊതുവിഭാഗം)<br>(ബിൽ നം.76/25.03.19 - 80,290 രൂപ<br>ബിൽ നം.83/25.03.19 - 58,900 രൂപ) |

ശബരി സ്റ്റീൽ ഫർണ്ണിച്ചർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിലേയ്ക്ക് ചുവടെ ചേർക്കുന്ന ഫർണ്ണിച്ചർ വാങ്ങി.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ ഓഫീസ് ആം ചെയർ | 4 |
| 2 | സ്റ്റീൽ ഓഫീസ് ടേബിൾ | 6 |
| 3 | പ്ലാസ്റ്റിക് കസേരകൾ | 75 |
| 4 | സ്റ്റീൽ റാക്ക്(4 പാനൽ) | 8 |
| 5 | സ്റ്റീൽ അലമാര | 4 |

ഫർണ്ണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്ഥാപനത്തിന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ വിവരമോ, പരിപാലനത്തിന്റെ ചുമതല പ്രത്യേക ഉദ്യോഗസ്ഥന് നൽകിയതിന്റെ വിവരമോ ചേർത്തിട്ടില്ല. 08.08.19 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പരിശീലന കേന്ദ്രത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഉപകരണങ്ങൾ കണ്ടില്ല.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | സ്റ്റീൽ ഓഫീസ് ആം ചെയർ | 3 |
| 2 | സ്റ്റീൽ ഓഫീസ് ടേബിൾ | 3 |
| 3 | പ്ലാസ്റ്റിക് കസേരകൾ | 62 |
| 4 | സ്റ്റീൽ റാക്ക്(4 പാനൽ) | 4 |
| 5 | സ്റ്റീൽ അലമാര | 3 |

കാണാതായ ഉപകരണങ്ങൾ സംബന്ധിച്ച് കൃത്യമായ വിശദീകരണം നൽകാൻ സ്ഥാപനത്തിന് സാധിച്ചില്ല. ഉപകരണങ്ങളുടെ വിതരണ വിവരം നിരീക്ഷിച്ച് കൃത്യമായ കണക്ക് ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ടി ഉപകരണങ്ങളുടെ പരിപാലന ചുമതല പ്രത്യേക ഉദ്യോഗസ്ഥനെ ഏൽപ്പിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(17/9.8.19)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതു വരെ ഫർണീച്ചർ വാങ്ങലിനായി ചെലവഴിച്ച 1,39,190 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പട്ടികവർഗ്ഗ വിഭാഗത്തിന് സൗരറാന്തൽ - വിതരണം പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 50/19, പട്ടികവർഗ്ഗ വിഭാഗത്തിന് സൗരറാന്തൽ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 3,99,910 (വികസന ഫണ്ട് -റ്റി.എസ്.പി) |
| ചെലവ് | 3,99,000 (വികസന ഫണ്ട് -റ്റി.എസ്.പി)<br>(ബിൽ നം.86/28.03.19 -39,990 രൂപ) |

പട്ടിക വർഗവിഭാഗത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി പ്രസ്തുത പ്രോജക്ട് പ്രകാരം അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 3,500 രൂപ നിരക്കിൽ 114 സൗരറാന്തൽ വിളക്കുകൾ (ഇൻവോയ്സ് നം. INV-CA0479/21.03.19, INV-CA0489/22.03.19) വാങ്ങി. 03.04.19 ൽ പഞ്ചായത്ത് സ്ഥാപനവുമായി കരാറിലേർപ്പെട്ടെങ്കിലും സൗരറാന്തലുകൾ വിതരണം ചെയ്തത് 29.07.19 ൽ മാത്രമാണ്. വിതരണം താമസിച്ചതിനാലുണ്ടായ ബാറ്ററി തകരാർ മൂലം 20 റാന്തലുകൾ പ്രവർത്തനരഹിതമാവുകയും അറ്റകുറ്റപ്പണിയ്ക്കായി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 5 വർഷ വാറണ്ടിയുള്ള ടി വിളക്കുകൾ സ്ഥാപനം തന്നെ റിപ്പയർ ചെയ്യുകയോ മാറ്റി നൽകുകയോ ചെയ്ത് പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. അറ്റകുറ്റപ്പണികൾക്കായി തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. 3 സൗരറാന്തലുകൾ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല. ആയവ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് |
|---|---|---|

| | | |
|---|---|---|
| 1 | സരോജനി കുഞ്ഞുമോൻ, കിഴക്കേക്കുന്നേൽ | മണർകാട് |
| 2 | ശ്യാമള പെരുമാന്തർകുന്നേൽ | മണർകാട് |
| 3 | സുരേഷ് ബാബു, ഉഴത്തിൽപൊതുവൽ | മീനടം |

സൗരറാന്തലുകൾ പൂർണ്ണമായും വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്. 3 എണ്ണം വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ആയവയ്ക്കായി ചെലവഴിച്ച 10,500 രൂപ (3500x3=10500)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് | 187/19, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 6,00,000(വികസന ഫണ്ട്-റ്റി.എസ്.പി) |
| ചെലവ് | 1,00,000(വികസന ഫണ്ട്-റ്റി.എസ്.പി)<br>(ബിൽ നം.78/25.03.19 - 50,000<br>ബിൽ നം.88/28.03.19 - 50,000) |

2018-19 ൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് മുൻകൂറായി 50,000 രൂപ വീതം നൽകിയിട്ടുണ്ട്. അവർ ഓഡിറ്റ് തീയതി വരെ ചുവടെ ചേർക്കും പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക (31.7.19 വരെ) |
|---|---|---|
| 1 | അജയ് സുരേഷ്, വല്യൂഴത്തിൽ, മണർകാട് | 1,25,000 |
| 2 | ഷിനു വി.എസ്., വടക്കേക്കാട്ടാംകുന്നേൽ, വെള്ളൂർ | 1,25,000 |

ടി ഗുണഭോക്താക്കൾ പഠന മുറി പൂർത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-9 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ - പരിധി പാലിച്ചില്ല

13-ാം പദ്ധതിയിലെ 2018-19 വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖ. 6.9.2 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ

പ്രോജക്ടുകൾ, ഘടകസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രോജക്ടുകൾക്കും ഈ പരിധി ബാധകവുമാണ്. എന്നാൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന ഫണ്ട് സാധാരണവിഹിതം വകയിരുത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രസ്തുത പരിധി പാലിച്ചിരുന്നില്ലായെന്ന് കാണുന്നു

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| പ്രോജക്ട് നം.160/19 മീനടം രണ്ടാം വാർഡ് ഭഗവാൻ പടി കളരിക്കൽ റോഡിലെ കലുങ്ക് നിർമ്മാണം | 3,91,907 | 1,99,216 |
| പ്രോജക്ട് നം.162/19 മീനടം ഏഴാം വാർഡ് ആലയംപടി മുളയ്ക്കൽ കാല റോഡ് കോൺക്രീറ്റിങ്ങ് | 2,00,000 | 1,97,415 |
| പ്രോജക്ട് നം.163/19 മീനടം അഞ്ചാം വാർഡ് ഇടയാടിപ്പടി കൊല്ലംപറമ്പിൽ പടി റോഡ് കോൺക്രീറ്റിങ്ങ് | 2,00,000 | 1,92,585 |

ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അടങ്കൽ തുകയുടെ പരിധി പാലിക്കാത്തത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രസ്തുത വിഷയത്തിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ ആധിക്യം -പ്രയോജനരഹിതമായി ഒട്ടേറെ കെട്ടിടങ്ങൾ

ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷവും മുൻ വർഷങ്ങളിലും ആരംഭിച്ച വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ/ വനിതാവികസനകേന്ദ്രങ്ങൾ നിർമ്മാണ പ്രോജക്ടുകൾക്ക് പദ്ധതിതുക ചെലവഴിക്കുക എന്നത് മാത്രം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നതായി കാണുന്നു. മുൻവർഷങ്ങളിലും വിവിധ ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിതമല്ലാതെ നിരവധി തൊഴിൽപരിശീലനകേന്ദ്രങ്ങൾ നിർമ്മാണം നടത്തിയത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. 2018-19 വർഷം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | വകയിരുത്തിയ തുക | തൻവർഷം ചെലവഴിച്ച തുക |
|---|---|---|
| 32/19 കൈരളി ഗ്രന്ഥശാലയുടെ മുകളിൽ വനിതതൊഴിൽ പരിശീലനകേന്ദ്രം | 7,72,111 | 7,71,930 |
| 33/19 മണർകാട് കാരമറ്റം വനിതതൊഴിൽ പരിശീലനകേന്ദ്രം | 5,00,000 | ചെലവ് 2019-20ലാണ് |
| 75/19 കുരോപ്പട തോട്ടപ്പള്ളി വനിത തൊഴിൽ പരിശീലനകേന്ദ്രം | 9,64,921 | ചെലവ് 2019-20ലാണ് |

| | | |
|---|---|---|
| 91/19 അകലക്കുന്നം നെല്ലിക്കുന്ന് പബ്ലിക് ലൈബ്രറിയ്ക്ക് മുകളിൽ വനിതാതൊഴിൽ പരിശീലനകേന്ദ്രം | 4,69,000 | 4,68,692 |
| 92/19 കിടങ്ങൂർ വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 1,50,000 | ചെലവ് 2019-20ലാണ് |
| 121/19 ക്കുരോപ്പട തോട്ടപ്പള്ളി വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 11,41,213 | 10,36,213 |
| 122/19 തിരുവഞ്ചൂർ വനിതാ തൊഴിൽ പരിശീലനകേന്ദ്രം വയറിങ്ങ് | 1,12,884 | 74,191 |
| 123/19മണർകാട് രണ്ടാം വാർഡിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 9,79,015 | ചെലവ് 2019-20ലാണ് |

13-ാം പദ്ധതി മാർഗ്ഗരേഖ (സ.ഉ. നം.11/2018 തീ:29.1.18) പ്രകാരം പുതിയ കെട്ടിട നിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ സ്ഥപന പരിധിയിൽ നിർജ്ജീവ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ ആയവ ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്നും പരിശോധിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ളവ ഉപയോഗപ്രദമാക്കാൻ സാധിക്കുമോ എന്നത് പരിഗണിക്കാതെ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പുതുതായി ഓരോ വർഷവും നിർമ്മിക്കുകയെന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പ്രോജക്ടുകളെപ്പറ്റി യുക്തിസഹമായ വിലയിരുത്തൽ നടത്തുന്നില്ലായെന്ന് വ്യക്തമാക്കുന്നു. നിർമ്മാണം പൂർത്തിയായ തൊഴിൽപരിശീലനകേന്ദ്രങ്ങളിൽ പോലും യാതൊരു പ്രവർത്തനങ്ങളുമില്ലാതെ അടച്ചുകിടക്കുന്ന അവസ്ഥയിലാണ്. തുടർ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ ഉപയോഗ്യമാക്കാൻ സാധിക്കുമോയെന്നത് പരിശോധിക്കേണ്ടതാണ്.

## 3-11 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കെട്ടിട നിർമ്മാണം -ചീഫ് എഞ്ചിനീയറുടെ മാതൃക എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയില്ല- നിർമ്മാണത്തിൽ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് | 132/19 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കെട്ടിട നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 21,00,000/-(20 ലക്ഷം ജില്ലാപഞ്ചായത്ത് വിഹിതം+1ലക്ഷം തനത് ഫണ്ട്) |
| ചെലവ് | 18,94,247/-(ജില്ലാപഞ്ചായത്ത് വിഹിതം)<br>ചെക്ക് നം.1681983/26.11.18 |

| | |
|---|---|
| കരാറുകാരൻ | ഷാജി ജോസഫ് |
| കരാർ നം. | 39/AE/LSGD/PBP/2017-18 തീയതി 20.03.18 |

1) 50 ച.മീ മുതൽ 200 ച.മീ വരെയുള്ള എംആർഎഫ് കളുടെ മാതൃകയും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ മാതൃകാ എസ്റ്റിമേറ്റും ശുചിത്വമിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിനെ ആധാരമാക്കിയായിരുന്നില്ല ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മാതൃകാ എസ്റ്റിമേറ്റ് പ്രകാരം ഓഫീസ്, ടോയ്ലറ്റ്, ഡ്രെസ്സിങ്ങ് ഏരിയ, വാഷ് ഏരിയ എന്നിവിടങ്ങളിൽ 1039/m2 നിരക്കിലുള്ള(CI 1.50 സെറാമിക് ഫ്ലോർ ടൈലുകൾ ഉപയോഗിക്കാമെന്ന് ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത കെട്ടിടനിർമ്മാണത്തിൽ പ്ലാസ്റ്റിക് വെയ്സ്റ്റ് കളക്റ്റ് ചെയ്യുന്നതിനുള്ള 50.6 m2 ഹാൾ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ 1613/m2 നിരക്കിലുള്ള വിട്രിഫൈഡ് ഫ്ലോർ ടൈൽ ഉപയോഗിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. തൻമൂലം അധികചെലവ് വന്നതായി കാണുന്നു. 8.8.19 ന് പ്രസ്തുത കെട്ടിടത്തിൽ പരിശോധന നടത്തിയതിൽ പ്ലാസ്റ്റിക് വേസ്റ്റ് ചാക്കുകെട്ടുകളിൽ നിറച്ച് ടി കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു. ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തനസജ്ജമല്ലാത്തതിനാൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം ആരംഭിച്ചിട്ടില്ല. പ്ലാസ്റ്റിക് കളക്റ്റ് ചെയ്യുന്ന ഹാളിന്റെ ഫ്ലോറിന് ചീഫ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം സിമെന്റ് പ്ലാസ്റ്ററിങ്ങ് മാത്രമേ ആവശ്യമുള്ളൂവെന്നും ഓഫീസ് റൂമിന് ആവശ്യമെങ്കിൽ സിറാമിക് ഫ്ലോർടൈൽ ഉപയോഗിക്കാമെന്നുമിരിക്കെ തുക ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ വിട്രിഫൈഡ് ടൈൽ പാകുകയും അതുവഴി അധികച്ചെലവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| വിട്രിഫൈഡ് ടൈൽ പാകിയത് മൂലമുള്ള ചെലവഴിച്ച തുക(കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം) | 90.235@1508.55/ച.മീ=1,36,124/- |
| സെറാമിക് ടൈൽ പാകിയിരുന്നെങ്കിൽ മൂലമുള്ള ചെലവാകുമായിരുന്ന തുക | 90.235@1039/ച.മീ=93,754/- |
| അധികം ചെലവഴിച്ച തുക | 42,370/- |

വിട്രിഫൈഡ് ടൈൽ പാകുക വഴി അധികം ചെലവഴിച്ച തുകയായ 42,370/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) എസ്റ്റിമേറ്റ് ഇനം നം1പ്രകാരം 441.796 ഘന.മീ മണ്ണ് കുഴിച്ചെടുത്തതിന് ശേഷമാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. 300 ഘ.മീറ്ററിലധികം മണ്ണ് നീക്കം ചെയ്യുന്നതിന് ഇനിഷ്യൽ ലെവൽസ് എടുത്ത് സിറ്റിഇ യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും മൈനിങ്ങ് &ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി ഫയലിൽ രേഖകളില്ല. ടി വിവരം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 441.796 ഘ.മീ മണ്ണ് കുഴിച്ചെടുത്തതിന് ഘനമീറ്ററിന് 198/-രൂപ നിരക്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാല്യുവേഷൻ തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും മണ്ണ് ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. സ്ഥലപരിശോധനയിൽ ടി മണ്ണ് കെട്ടിടത്തിന് സമീപം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്നതായി

കാണുന്നു. 441.796ഘ.മീx198/-=87,476/-രൂപ വിലമതിക്കുന്ന മണ്ണ് ലേലം നടത്തി ബ്ലോക്ക് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-12 തോട്ടപ്പള്ളി വനിതാ തൊഴിൽ പരിശീലനകേന്ദ്രം നിർമ്മാണം-ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിർമ്മാണം-ക്രമവിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം. | 121/19, കുരോപ്പട പഞ്ചായത്തിൽ തോട്ടപ്പള്ളി വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 11,41,213/-(വികസനഫണ്ട്) |
| ചെലവ് | 10,36,213 ബിൽ നം.5/30.8.18 |
| കരാറുകാരൻ | ഷാജി ജോസഫ് |
| കരാർ നം. | 3/AE/LSGD/PBP/2017-18 തീയതി 04.11.17 |
| എംബുക്ക് | 3/17-18 |

പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം ഇലക്ട്രിഫിക്കേഷൻ ഉൾപ്പടെയുള്ള എല്ലാവർക്കുകളും പൂർത്തീകരിക്കുന്നതിന് 14 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും ആയതനുസരിച്ച് ടെൻഡർ ക്ഷണിക്കുകയും കരാർ ഉറപ്പിക്കുകയും ചെയ്തു. എന്നാൽ നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. നിലവിലെ പ്ലോട്ടിൽ നിന്നും മണ്ണ് നീക്കം ചെയ്ത് കോളം നിർമ്മാണം മാത്രം പൂർത്തിയാക്കിയിരുന്നു.

1) ഈ രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ അനുമതി ലഭ്യമായതായി കാണുന്നില്ല.

2) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക്/ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണോ എന്നത് വ്യക്തമാക്കിയിട്ടില്ല. ഭൂനികുതി രജിസ്റ്ററിന്റെ പകർപ്പ് പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സർവ്വേ നം.6/13 ൽപ്പെട്ട ളാക്കാട്ടൂർ കരയിൽ ആലുങ്കൽ ശങ്കു മകൻ രാമൻ വക എന്നു കാണുന്നു. സ്ഥലം സറണ്ടർ ചെയ്ത് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത ഭൂമിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ക്രമവിരുദ്ധമാണ്. പ്രസ്തുത സ്ഥലം സറണ്ടർ ലഭിച്ചിട്ടുണ്ടെങ്കിൽ പോക്ക് വരവ് ചെയ്ത് ആസ്തിയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) മുഴുവൻ പ്രവൃത്തിയുടെയും പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഭാഗീകപ്രവർത്തിക്കായുള്ള എസ്റ്റിമേറ്റാക്കി റിവൈസ് ചെയ്യുകയും തൻമൂലം പ്രവൃത്തി പൂർത്തിയാക്കാതെ കരാറുകാരന് ഫൈനൽബിൽ മാറി നൽകുകയും ചെയ്തിരിക്കുന്നു. നിലവിൽ കെട്ടിടത്തിന്റെ കോളം വാർത്ത് സ്ട്രക്ച്ചർ മാത്രമായാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,36,213/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

4) പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത തടി ഉരുപ്പടി ഉൾപ്പടെയുള്ള ഇനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം 6,180/- രൂപ മൂല്യമുള്ളതായി കാണുന്നു. ടി ഇനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയിരുന്നില്ല. കൂടാതെ ഇനം നം.2-1, എക്സ്ട്രാ ഐറ്റം നം. 1 എന്നിവ പ്രകാരം 167.59 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തതിൽ യാർഡ് ഫില്ലിങ്ങിന് ഉപയോഗിച്ച 96.32 ഘനമീറ്റർ കിഴിച്ചുള്ള 71.27 ഘനമീറ്റർ മണ്ണിന്റെ വാല്യുവേഷൻ എടുത്തിരുന്നില്ല. മണ്ണിന്റെ വാല്യുവേഷൻ എടുത്ത് ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതും നീക്കം ചെയ്ത തടി ഉരുപ്പടി ഉൾപ്പടെയുള്ള ഇനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതുമാണ്.

## 3-13 ചക്കാംപുഴ തുമ്പോളി കുടിവെള്ളപദ്ധതി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 126/19 ചക്കാംപുഴ തുമ്പോളി കുടിവെള്ളപദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 9,50,000/-(വികസനഫണ്ട്) (7ലക്ഷം എസ്.സി.പി. ഫണ്ട്+2.5ലക്ഷം ഗ്രാമപഞ്ചായത്ത് വിഹിതം) |
| ചെലവ് | 5,16,626(SCP)+93046=609672<br>ബിൽ നം.27/28.2.19 |
| കരാറുകാരൻ | പി.എസ്.രവീന്ദ്രൻ നായർ, പന്തലാനിക്കൽ |
| കരാർ നം. | 23/AE/LSGD/PBP/2017-18 തീയതി 31.01.18 |
| എംബുക്ക് | 23/17-18 |

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലുള്ള ചക്കാംപുഴ തുമ്പോളി കുടിവെള്ളപദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടതെന്നും ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ തന്നെ പ്രോജക്ട് നടപ്പാക്കുകയാണ് ഉണ്ടായത്.

2) ഒന്നിലധികം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തുമ്പോൾ പ്രവൃത്തി സംയുക്തപ്രോജക്ടായി നടപ്പാക്കേണ്ടിയിരുന്നു. മുഖ്യപങ്കാളിയാകുന്ന സ്ഥാപനം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും മറ്റ് പങ്കാളികൾ അവരുടെ വിഹിതം കൈമാറുകയുമാണ്

ചെയ്യേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത കുടിവെള്ള പ്രോജക്ടിന്റെ ജലസ്രോതസ്സ് നിർമ്മാണം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയും തുടർ പ്രവൃത്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുകയുമാണ് ഉണ്ടായത്. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് സ്രോതസ്സ് നിർമ്മാണം 2018-19 വർഷം ചെയ്തതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റിൽ പമ്പ് ഹൗസ്, പമ്പ് വാങ്ങി സ്ഥാപിക്കൽ എന്നിവ ഉൾപ്പടെയുള്ള പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പമ്പ് ഹൗസ് നിർമ്മാണത്തിനായി പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയെന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പമ്പ് ഹൗസ് നിർമ്മാണം ഒഴിവാക്കുകയാണ് ഉണ്ടായത്. കൂടാതെ പ്രസ്തുത പ്രവൃത്തിയ്ക്കായി ജില്ലാപഞ്ചായത്തും തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഒരേ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാപഞ്ചായത്തും തുക ചെലവഴിക്കുന്നത് ഇരട്ടിപ്പ് വരാനിടയാക്കുന്നതാണ്. ഈ രീതിയിലുള്ള പദ്ധതി നിർവ്വഹണം ഒഴിവാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടായി തയ്യാറാക്കി ഏതെങ്കിലും ഒരു സ്ഥാപനം തുക ചെലവഴിക്കുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

3) ബ്ലോക്ക് പഞ്ചായത്ത് തൻവർഷം പ്ലാറ്റ് ഫോം നിർമ്മിച്ച് വാട്ടർടാങ്ക് സ്ഥാപിക്കുകയും പമ്പിങ്ങ് മെയ്ൻ, വിതരണപൈപ്പുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ പമ്പ് ഹൗസ് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിരുന്നില്ല. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 6,09,672/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 118/19 പാമ്പാടി താലൂക്ക് ആശുപത്രി-ലാബ് നവീകരണം |
| അടങ്കൽ | 7,00,000/-(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 489419/-ബിൽ നം.22/11.3.19(IInd& ഫൈനൽ ബിൽ തുക) |
| കരാർ നം. | 15/AE/LSGD/PBP/2017-18 തീയതി 11.12.17 |
| കരാറുകാരൻ | രാജൻ വർഗ്ഗീസ് |
| കരാർ തുക | 6,22,518.07/- |

11.12.17 ന് കരാർ വച്ച പ്രസ്തുത പ്രോജക്ടിന് കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 4 മാസമായിരുന്നു. 12.2.18 ലെ കമ്മറ്റി തീരുമാനം 1(1) പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയിരുന്നു. എങ്കിലും പൂർത്തീകരണ കാലാവധി 4 മാസമായതിനാൽ 12.6.18നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ എംബുക്ക് നം.15()/17-18 പേജ് 42 പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കി അവസാന അളവുകൾ എടുത്തിരിക്കുന്നത് 28.1.19 നാണ്. കാലതാമസത്തിന് 2012 ലെ കേരളപൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ

ഈടാക്കിയിരുന്നില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 പ്രകാരം ആദ്യതവണ (ഒറിജിനൽ സമയത്തിന്റെ 25%)പി.എ.സി.യുടെ 1% നിരക്കിലും ശേഷം 2% നിരക്കിലും പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴയായ കരാർ തുകയുടെ 3% തുകയായ 18,676/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-15 കരാർ വയ്ക്കാൻ കാലതാമസം-പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ ഈടാക്കിയില്ല

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 29/19 പള്ളിക്കത്തോട് ഡിവിഷനിൽ മന്ദിരം കാക്കത്തോട് റോഡ് പുനരുദ്ധാരണം |
| | അടങ്കൽ | 5,00,000/- |
| | ചെലവ് | 4,96,974/-(ബിൽ നം.19/31.1.19) |
| | കരാർ നം. | 3/AE/LSGD/PBP/2018-19 തീയതി 21.8.18 |

പള്ളിക്കത്തോട് ഡിവിഷനിൽ മന്ദിരം കാക്കത്തോട് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയ്ക്ക് ശ്രീ.സോമരാജൻ സി.കെ. എന്ന കരാറുകാരന്റെ ഐറ്റം റേറ്റ് പ്രകാരമുള്ള 4,98,518/- രൂപയുടെ ടെൻഡർ അംഗീകരിക്കുകയും 30.07.19ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ PW/29/18-19 നം. കത്ത് പ്രകാരം 14 ദിവസത്തിനകം അതായത് 13.8.18നകം കരാർ വയ്ക്കുന്നതിന് നിർദ്ദേശം നൽകി സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തെങ്കിലും 21.08.2018ന് മാത്രമാണ് കരാറുകാരൻ പഞ്ചായത്തുമായി കരാറിലേർപ്പെട്ടത്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞതിനാൽ കരാർ തുകയുടെ 1% തുക പിഴ ഈടാക്കിയാണ് കരാർ ഉടമ്പടി വയ്ക്കേണ്ടത്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിരുന്നില്ല. കരാറിലേർപ്പെടാൻ കാലതാമസം വരുത്തിയതിനുള്ള പിഴ തുകയായ 1% തുകയായ 4,985/-രൂപ(498518/-x1%) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-16 ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്തത് തനതുഫണ്ടിൽ സൂക്ഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ റോഡ് ടാറിങ്ങ്, റീടാറിങ്ങ് പ്രവൃത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിന്റെ ഉപയോഗശൂന്യമായ ബാരലുകളുടെ വില കരാറുകാരന്റെ ബില്ലിൽ നിന്ന് കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട്

അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. സർക്കുലർ നം.59827/എഫ്എം/07തസ്വഭവ 30.10.07 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണൊ ടാർ വാങ്ങി പ്രവർത്തി ചെയ്തത് അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധന തീയതി 12.04.06 ഉത്തരവ് പാലിച്ച് തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ ബിറ്റുമിൻ ബാരൽ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

| | |
|---|---|
| 29/18-19 മന്ദിരം കാക്കത്തോട് റോഡ് പുനരുദ്ധാരണം | ബാരൽ വില ഈടാക്കിയത്=3245 |
| 116/18-19 എലിക്കുളം അമ്പലം കാരക്കുളം റോഡ് ടാറിങ്ങ് | ബാരൽ വില ഈടാക്കിയത്=2088 |

മുൻവർഷത്തേത് ഉൾപ്പെടെ ബാരൽ വില കുറവ് ചെയ്തത് പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് പിൻവലിച്ച് സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-17 മുണ്ടൻകുന്ന് പി.എച്ച്.സി.യിൽ പൊതുസാനിറ്ററി കോംപ്ലക്സ് നിർമ്മാണം-ഇലക്ട്രിഫിക്കേഷൻ നടത്തിയില്ല.-ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 128/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 5,76,465/-(വികസനഫണ്ട്) |
| ചെലവ് | 3,30,839 |
| കരാറുകാരൻ | അൽഫോൻസ് ജോർജ്ജ് |
| കരാർ നം. | 20/AE/LSGD/PBP/2017-18 തീയതി 20.12.17 |
| എം ബുക്ക് നം. | 20/17-18 |

അകലക്കുന്നം പഞ്ചായത്തിലെ മുണ്ടൻകുന്ന് പിഎച്ച്സിയിൽ പൊതു സാനിട്ടറി കോംപ്ലക്സ് നിർമ്മാണ പ്രോജക്ടിന്റെ ഭാഗമായി 4 ടോയ്‌ലറ്റുകൾ പി.എച്ച്.സി. കോമ്പൗണ്ടിൽ നിർമ്മിച്ചിരുന്നു. എന്നാൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്തിരുന്നില്ല. 8.8.19ന് പ്രസ്തുത സ്ഥലം പരിശോധിക്കുകയുണ്ടായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്താത്തതിനാൽ രാത്രികാലങ്ങളിൽ ഉപയോഗപ്പെടുന്നില്ലായെന്നും ആയതിനാൽ തന്നെ 2 ടോയ്‌ലറ്റുകൾ പൂട്ടിയ നിലയിലും കാണുന്നു. കൂടാതെ എംബുക്ക് പ്രകാരം സാനിറ്ററി കോംപ്ലക്സിൽ സ്ഥാപിച്ചതായി രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയ വാഷ്ബേസിൻ സ്ഥാപിച്ചതായി സ്ഥലപരിശോധനയിൽ കാണുവാൻ സാധിച്ചില്ല. ഇലക്ട്രിഫിക്കേഷൻ നടത്തി കെട്ടിടം ഉപയോഗപ്രദമാക്കേണ്ടതും സ്ഥാപിക്കാത്ത വാഷ്ബേസിന്റെ തുകയായ 4,500/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുകയോ വാഷ്ബേസിൻ സ്ഥാപിച്ച് വിവരം അറിയിക്കുകയോ

ചെയ്യേണ്ടതുമാണ്.

## 3-18 പാമ്പാടി താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ്- മെഷീനുകൾ ലഭ്യമായില്ല

| | |
|---|---|
| അടങ്കൽ | 15,00,000(വികസന ഫണ്ട് ജനറൽ) + 500000 (ഗ്രാമപഞ്ചായത്ത് വിഹിതം) |
| ചെലവ് | 15,00,000 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം. | 15/19.3.19 |

2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാമ്പാടി താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് എന്ന പദ്ധതി (നം.48/19) വിഭാവനം ചെയ്ത് നടപ്പാക്കിയിരുന്നു.

എന്നാൽ നിലവിൽ ഹെൽത്ത് ഡിപ്പാർട്ട്മെൻറ് താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റിനുള്ള മുഴുവൻ തുകയും വഹിക്കുന്നതാണെന്നും ആയതിനാൽ പ്രോജക്ടിൽ വക കൊള്ളിച്ച തുക ഡയാലിസിസ് മെഷീൻ വാങ്ങുന്നതിനു മാത്രമായി ഉപയോഗിക്കാവുന്നതാണെന്നും അതിൽ മൂന്ന് മെഷീനുകൾക്ക് വേണ്ട തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഡിപ്പോസിറ്റായി നൽകാമെന്നും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 26.02.19ലെ കമ്മറ്റിയിൽ 7-ാം നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (274/2018-19 നമ്പർ പ്രൊഫോർമ ഇൻവോയ്സിൽ)നിന്ന് 3 മെഷീനുകൾക്കായുള്ള 15,69,393.00 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. മെഷീൻ ലഭിച്ചതിന്റെ വിവരങ്ങൾ ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/03.08.19) 12 ഡയാലിസിസ് മെഷീനുകൾപ്പെടുന്ന ഡയാലിസിസ് യൂണിറ്റിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 28.05.2019ലെ ജി.ഒ.(ആർ.റ്റി.)1277/2019/H&FWD നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും ഗവൺമെൻറിൽ നിന്നുള്ള മേൽ പദ്ധതി സ്ഥാപിക്കുന്നതിന് മുമ്പ് ഡയാലിസിസ് മെഷീൻ മാത്രം വാങ്ങിയാൽ അത് ഉപയോഗശൂന്യമാകുന്നതിനാലാണ് മെഷീനുകൾക്കുള്ള തുക മുൻകൂർ അടക്കുക മാത്രം ചെയ്തതെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നുള്ള ഉത്തരവ് ഉണ്ടായിരിക്കുന്നത് 2018-19 സാമ്പത്തിക വർഷത്തിന് ശേഷമാണ്. കൂടാതെ മേൽ ഉത്തരവിൽ സ്ഥല ലഭ്യതക്കനുസരിച്ച് 12 ഡയാലിസിസ് മെഷീനുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് പദ്ധതിക്ക് അനുവദിച്ച 3 മെഷീനുകൾക്ക് കൂടിയുള്ള അടിസ്ഥാന സൗകര്യമുണ്ടോയെന്നതും സർക്കാർ പദ്ധതി പ്രകാരം ബ്ലോക്ക് പദ്ധതിക്കുള്ള സൗകര്യങ്ങൾ കൂടി ലഭ്യമാകുമോയെന്നതും വ്യക്തമല്ല. കൂടാതെ സ്ഥാപനവുമായി കരാറിലും ഏർപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 15,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുകയോ സർക്കാർ പദ്ധതി നടപ്പാകുന്ന പക്ഷം കെ.എം.സി.എൽ.-ന് നൽകിയ തുക തിരികെ ലഭ്യമാക്കുകയോ ചെയ്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-19 സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പരിസരത്തുള്ള അപകട സാദ്ധ്യതയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന്റെ തുടർ നടപടികൾ ലഭ്യമായിട്ടില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള കൂടല്ലൂർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പരിസരത്ത് സ്ഥിതി ചെയ്യുന്ന വാക, തെങ്ങ്, ആഞ്ഞിലി, പ്ലാവ് എന്നീ വൃക്ഷങ്ങൾ ഏത് സമയത്തും മറിഞ്ഞുവീഴാൻ സാധ്യതയുള്ളതിനാൽ അവ വെട്ടിമാറ്റുവാൻ അനുവാദം തരണമെന്നുള്ള മെഡിക്കൽ ഓഫീസർ, കൂടല്ലൂരിന്റെ അപേക്ഷ 14.05.2018-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും ടി വൃക്ഷങ്ങളുടെ അടിസ്ഥാന വിലയും മുറിക്കുന്നതിനുള്ള അനുമതിയും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ, കൂടല്ലൂരിനെ തീരുമാനം നമ്പർ 6/8 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. മേൽ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/08.08.19) മറുപടി ലഭ്യമായിട്ടില്ല. പൊതുജനങ്ങൾ ധാരാളം സന്ദർശിക്കുന്ന സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ ഇത്തരം അപകട സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും കമ്മറ്റി തീരുമാനങ്ങളിലുള്ള തുടർ നടപടികൾ വീക്ഷിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-20 പി.എം.എ.വൈ പദ്ധതി നിർവ്വഹണത്തിൽ 2018-19 വർഷം തടസ്സം നേരിട്ടു

2018-19 വർഷം പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിനും ആനുകൂല്യം നൽകിയിരുന്നില്ല. ഇത് സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി പി.എം.എ.വൈ. പദ്ധതിയിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്നയാൾ എസ്ഇസിസി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളയാളായിരിക്കണം എന്ന കേന്ദ്രനിർദ്ദേശം ഉള്ളതിനാലാണ് 2018-19 വർഷം പി.എം.എ.വൈ. പദ്ധതി നടപ്പാക്കുന്നതിന് തടസ്സം നേരിട്ടത് എന്ന് ഹൗസിങ്ങ് ഓഫീസർ അറിയിച്ചു. 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി വിഇഒമാർ വഴി ഫീൽഡ് തല സർവ്വേ നടത്തി 1120 ഗുണഭോക്താക്കളെ കണ്ടെത്തിയതായും കേന്ദ്രസർക്കാർ അനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണത്തിന് സജ്ജമായിരിക്കുകയാണെന്നും ഹൗസിങ്ങ് ഓഫീസർ അറിയിച്ചു. പദ്ധതി തടസ്സം കൂടാതെ നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ , നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ, നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണവിവരം/കൈപ്പറ്റ് രസീത് എന്നിവ ലഭ്യമായിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.5.4(5) പ്രകാരം സംയുക്ത/നിക്ഷേപ പ്രോജക്ടുകളിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിനുമുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ പ്രോജക്ട് ഫയലുകളിലൊന്നിലും കരാറിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/19) മറുപടിയായി സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| പ്രോജക്ട് നം., പേര് | തുക | ഫണ്ട് | ബിൽ നം./തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 09/19 വെള്ളങ്കാവ് ജലസേചനകുളം സംരക്ഷണ ഭിത്തി നിർമ്മാണം-എലിക്കുളം ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 5,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 38/10.12.18 |
| 10/19 മിൽക്ക് സൊസൈറ്റി - പന്നഗം തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം-പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 11/29.09.18 |
| 14/19 പാമ്പാടി കണ്ണൻകുളം മാളിയേക്കൽപടി പ്രദേശങ്ങളിൽ കുടിവെള്ളപദ്ധതി(തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന കൈമാറുന്നു) | 5,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 3/13.06.18 |
| 16/19 അകലക്കുന്നം പൂവത്തിളപ്പ് കരിമ്പാനി ടാങ്കുകളിൽനിന്ന് വിതരണ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 5,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 32/22.10.18 |
| 17/19 അകലക്കുന്നം കാഞ്ഞിരമറ്റം സത്യനാഥ കുടിവെള്ള പദ്ധതി-അകലക്കുന്നം ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 1,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 45/26.12.18 |
| 20/19 അകലക്കുന്നം ദർശന അങ്കണവാടി കെട്ടിടനിർമ്മാണം - വാർഡ് 3 – ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 48/26.12.18 |
| 49/19 ലൈഫ് മിഷൻ പാർപ്പിടസുരക്ഷാ പദ്ധതി - എസ് സി വിഹിതം | 8,44,605 | (വികസന ഫണ്ട് -എസ് സിപി) | 16/29.09.18-694842 രൂപ 31/24.10.18-149763 രൂപ |

| | | | |
|---|---|---|---|
| 54/19 മാലം ഡിവിഷൻ 7-ാംവാർഡ് ആലയ്ക്കാംപറമ്പ് പരിയാരംപടി റോഡ് കോൺക്രീറ്റിംഗ് - മണർകാട് പഞ്ചായത്തിന് വിഹിതം കൈമാറൽ | 1,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 25/29.09.18 |
| 55/19 മാലം ഡിവിഷൻ അടമടയ്ക്കൽ പടി -പാണ്ഡവർകളരിറോഡ് കോൺക്രീറ്റിംഗ് - മണർകാട് പഞ്ചായത്തിന് വിഹിതം കൈമാറൽ | 2,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 24/29.09.18 |
| 56/19 മാലം ഡിവിഷൻ ഗായത്രിപടി -വയലുങ്കൽപടി റോഡ് കോൺക്രീറ്റിംഗ് - മണർകാട് പഞ്ചായത്തിന് വിഹിതം കൈമാറൽ | 2,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 23/29.09.18 |
| 59/19 കോത്തല ഡിവിഷൻ കുഴൽകിണർ നിർമ്മാണം | 3,60,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 02/13.06.18 |
| 60/19 ഞണ്ടുപാറ കുടിവെള്ളപദ്ധതി - എലിക്കുളം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 1,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 41/26.12.18 |
| 68/19 പൊതുശ്മശാനം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 20,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 19/29.09.18 |
| 74/19 പി.എം.എ.വൈ. ബ്ലോക്ക് വിഹിതം | 32,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 1/25.05.18 |
| 76/19 പള്ളിക്കത്തോട് മരോട്ടി മേജർകുടിവെള്ള പദ്ധതി - | 4,00,000 | (വികസന ഫണ്ട് | 21/29.09.18 |

| | | | |
|---|---|---|---|
| പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | | -പൊതു വിഭാഗം) | |
| 82/19 പട്ടികജാതി കോളനികളിൽ സോളാർസ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ- പാമ്പാടി ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 57/18.03.19 |
| 88/19 ചെങ്ങളം കാണിയ്ക്കമണ്ഡപം - തോട്ടുങ്കൽപടി പാലം നിർമ്മാണം - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 54/29.01.19 |
| 90/19 പി.എം.എ.വൈ. ബ്ലോക്ക് വിഹിതം | 32,000 | (വികസന ഫണ്ട് -എസ് സിപി) | 7/27.06.18 |
| 105/19 ചെങ്ങളം കൂട്ടാക്കുഴി കുടിവെള്ള പദ്ധതി - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,69,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 46/26.12.18 |
| 107/19 പള്ളിക്കത്തോട് കൃഷിഭവൻ കുടിവെള്ള പദ്ധതി - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 18/29.09.18 |
| 112/19 കിടങ്ങൂർ കോയിപ്പാടം പാടശേഖരസംരക്ഷണ ഭിത്തി നിർമ്മാണം -കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 3,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 35/19.11.18 |
| 113/19 വാർഡ് 17 – പെരുംപഴക്കുന്ന് കരിപ്പാപ്പറമ്പ് | 3,00,000 | (വികസന ഫണ്ട് | 26/29.09.18 |

| | | | |
|---|---|---|---|
| കുടിവെള്ളപദ്ധതി -മണർകാട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | | -പൊതു വിഭാഗം) | |
| 114/19 വാർഡ് 16 – കരിമ്പനത്തറ അമലക്കുന്ന് കുടിവെള്ളപദ്ധതി -മണർകാട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 2,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 22/29.09.18 |
| 152/19 വാർഡ് 12 ചെട്ടിയാപറമ്പിൽ റോഡ് കോൺക്രീറ്റിംഗ് - കിടങ്ങൂർ പഞ്ചായത്തിന് വിഹിതം കൈമാറൽ | 3,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 33/30.10.18 |
| 153/19 വാർഡ് 12 ചീരൻചേമ്പ് തുറുമ്പുങ്കൽ പടി റോഡ് കോൺക്രീറ്റിംഗ് - കുരോപ്പട പഞ്ചായത്തിന് വിഹിതം കൈമാറൽ | 2,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 62/20.03.19 |
| 158/19 വാർഡ് 8 കിഴക്കേക്കുറ്റ്പടി മഞ്ഞാടി റോഡ് കോൺക്രീറ്റിംഗ് - മീനടം ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറൽ | 1,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 52/29.12.18 |
| 161/19 പള്ളിക്കത്തോട് പഞ്ചായത്ത് 2-ാം വാർഡ് കാർഷികമാർക്കറ്റ് കെട്ടിടനിർമ്മാണം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 68/20.03.19 |
| 164/19 എലിക്കുളം ഗ്രാമപഞ്ചായത്ത് 11-ാം വാർഡ് 2-ാംമൈൽ ഇരുമ്പുകുത്തി എസ്.സി. കോളനിയിൽ സാംസ്കാരികകേന്ദ്രം നിർമ്മാണം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000 | (വികസന ഫണ്ട് -എസ് സിപി) | 68/20.03.19 |

| | | | |
|---|---|---|---|
| 165/19 ചെങ്ങളം ഡിവിഷൻ പല്ലമടക്കൽപാലം പുതിയിടം റോഡ് സംരക്ഷണഭിത്തി നിർമ്മാണം - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന വിഹിതം | 2,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 39/10.12.18 |
| 169/19 കോത്തല ആലാംപള്ളി കുടിവെള്ളപദ്ധതി - ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക നൽകൽ | 2,50,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 70/20.03.19 |
| 170/19 ഹണിഗ്രാമം ഔഷധതേൻ ഉല്പാദനം -പാമ്പാടി ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 1,10,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 60/18.03.19 |
| 171/19 വിവിധ വാർഡുകളിൽ സോളാർസ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- മണർകാട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 7,50,514 | (വികസന ഫണ്ട് -പൊതു വിഭാഗം) | 50/29.12.18 |
| 173/19 സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ | 14,90,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 47/26.12.18-200000<br>49/29.12.18-150000<br>51/29.12.18-1140000 |
| 176/19 പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - അനുബന്ധ സൗകര്യം ഒരുക്കൽ - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | 9,74,250 | (വികസന ഫണ്ട് -പൊതു വിഭാഗം) | 43/26.12.18 |
| 179/19 നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി - കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 2,00,000 | (വികസന ഫണ്ട് -പൊതു വിഭാഗം) | 44/26.12.18 |
| 180/19 കുരോപ്പട പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സോളാർ | 2,50,000 | (വികസന ഫണ്ട് | 63/20.03.19 |

| | | | |
|---|---|---|---|
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ- ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | | -പൊതു വിഭാഗം) | |
| 182/19 പള്ളിക്കത്തോട് പഞ്ചായത്തിൽ കാക്കത്തോട് ഭാഗം കുഴൽക്കിണർ നിർമ്മാണം- ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് തുക കൈമാറൽ | 70,840 | (വികസന ഫണ്ട് -പൊതു വിഭാഗം) | 74/27.03.19 |
| 02/19 ഐകെഎം വരിസംഖ്യ അടവാക്കൽ<br>(തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമായിട്ടില്ല) | 48,962 | (വികസന ഫണ്ട് -പൊതു വിഭാഗം) | 6/27.06.18 |
| ആകെ | **1,42,82,171** | | |

കരാറിന്റെയും വിനിയോഗ/പൂർത്തീകരണ വിവരങ്ങളുടെയും അഭാവത്തിൽ 1,42,82,171 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിൽനിന്നും 5,00,000 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 28,70,000 രൂപയുമാണ് ലഭിച്ചിട്ടുള്ളത്. ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | അയർക്കുന്നം ഡിവിഷൻ കാർഷികവിഭവ സംഭരണകേന്ദ്രം നിർമ്മാണം (178/19) | 9,90,000 | 21.01.19 | 9,90,000 | 0 |
| | ഐഎവൈ എസ്.സി.പി ധനസഹായം | 18,80,000 | 03.09.2018 | 0 | 18,80,000 |
| ഗ്രാമ പഞ്ചായത്ത് | പാമ്പാടി ഗ്രാമ പഞ്ചായത്ത്- തുരുത്തേൽപ്പാലം നിർമ്മാണം(124/19) | 5,00,000 | 26.03.2019 | 5,00,000 | 0 |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് തുടങ്ങിയിട്ടില്ല. സംയുക്ത പ്രോജക്ടിനായി പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുകയുടെ വിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 14/19 | പാമ്പാടി കണ്ണംകുളം മാളിയേക്കൽ പടി പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി | 5,00,000 | 11.06.18 | ഇല്ല | 5,00,000 |
| | 59/19 | കോത്തല ഡിവിഷൻ കുഴൽക്കിണർ നിർമ്മാണം | 3,60,000 | 11.06.18 | ഇല്ല | 3,60,000 |
| | 169/19 | കോത്തല ആലാംപള്ളി കുടിവെള്ള പദ്ധതി | 2,50,000 | 12.03.19 | ഇല്ല | 2,50,000 |
| | 182/19 | പള്ളിക്കത്തോട് പഞ്ചായത്തിൽ കാക്കത്തോട് ഭാഗം കുടിവെള്ള നിർമ്മാണം | 70,840 | 20.03.19 | ഇല്ല | 70,840 |
| കേരളാ വാട്ടർ അതോറിറ്റി | 16/19 | അകലക്കുന്നം പൂവത്തിളപ്പ് കരിമ്പാനി ടാങ്കുകളിൽ നിന്നും വിതരണ | 5,50,000 | 22.10.18 | ഇല്ല | 5,50,000 |

| | | | | | | |
|---|---|---|---|---|---|---|
| | | പൈപ്പ്ലൈൻ സ്ഥാപിക്കൽ | | | | |
| കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | 48/19 | പാമ്പാടി താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് | 15,00,000 | 19.03.19 | ഇല്ല | 15,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/തീയതി | വായ്പ നൽകിയ സ്ഥാപനത്തിന്റെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക. | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ. ഭവന നിർമ്മാണം | ജി.ഒ. (എം.എസ്.) 90/13- തസ്വഭവ 14.03.13 | 1) അഗ്രിക്കൾച്ചറൽ റീജിയണൽ ഫാർമേഴ്സ് എസ്.സി.ബി., ആനിക്കാട് | 30,00,000 | 13,76,223 | 13,76,223 | 0 |
| | | 2) കിടങ്ങൂർ എസ്.സി.ബി | 22,50,000 | 6,26,224 | 6,26,224 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20,28,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ (ആകെ ചെലവ്-1,08,709 രൂപ) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 7,02,64,778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,96,24,062 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,77,33,559 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 23,408 | ലിബി സി.മാത്യൂസ്, സെക്രട്ടറി |
| 3-3 | 90,035 | ലിബി സി.മാത്യൂസ്, സെക്രട്ടറി |
| 3-6 | 1,39,190 | ലിബി സി.മാത്യൂസ്, സെക്രട്ടറി |
| 3-7 | 10,500 | ലിബി സി.മാത്യൂസ്, സെക്രട്ടറി |
| 3-11 | 42,370 | ശ്രീ.സുരേന്ദ്രബാബു കെ.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 10,36,213 | ശ്രീ.സുരേന്ദ്രബാബു കെ.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 6,09,672 | ശ്രീ.സുരേന്ദ്രബാബു കെ.പി., അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-18 | 15,00,000 | ഡോ.മനോജ് കെ.എ., മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, പാമ്പാടി |
| 3-21 | 1,42,82,171 | ലിബി സി.മാത്യൂസ്, സെക്രട്ടറി |
| ആകെ | 1,77,33,559 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(1)/18/8.5.18 | 21 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(2)/18/8.5.18 | 6 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(3)/18/8.5.18 | 10 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(4)/18/8.5.18 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(5)/18/8.5.18 | 9 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(6)/18/8.5.18 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(7)/18/8.5.18 | 2 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(8)/18/8.5.18 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(9)/18/8.5.18 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(10)/18/8.5.18 | 10 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(11)/18/8.5.18 | 13 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(12)/18/10.5.18 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(13)/18/10.05.18 | 7 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(14)/18/10.05.18 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(15)/18/8.5.18 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി15/1646/17/13.11.17 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി15/1851/18/4.5.19 | 14 |

അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-കെ.ടി.എം.പി15-1229/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:19.09.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം